

**2003 സപ്തംബർ 8 മുതൽ 17 വരെ ദക്ഷിണാഫ്രിക്കയിലെ ദർബനിൽ നടന്ന വേൾഡ് പാർക്ക് കോൺഗ്രസിൽ (ലോക ആദിവാസി സമ്മേളനം) പങ്കെടുത്ത ആദിവാസി ഗോത്രമഹാസഭാ നേതാവ് സി.കെ. ജാനു 'മാതൃഭൂമി'യോട് സംസാരിക്കുന്നു**

# എന്തുകൊണ്ട് ആഗോളവിഷയമല്ല?

എം.ബിലീന

* മുത്തങ്ങ സമരത്തെ തുടർന്ന് മർദ്ദനമേറ്റ് ജയിലിലായ നിങ്ങൾ ഇന്ന് വിദേശത്ത് ലോക ആദിവാസി സമ്മേളനത്തിൽ ഇന്ത്യയുടെ പ്രതിനിധിയായി. എന്തുതോന്നുന്നു?

= അന്ന് - ഫിബ്രവരി 24ന് പോലീസിൻെറ അടിയേറ്റ് നീരുവന്നു വീങ്ങിയ എൻെറ മുഖം പത്രത്തിൽ കണ്ടവരൊക്കെ പറഞ്ഞു, ആദിവാസി സമരത്തിൻെറ ആപ്പീസ് പൂട്ടിയെന്ന്. ഇന്ന് ദർബൻ സമ്മേളനത്തിൽ പങ്കെടുത്തു കഴിഞ്ഞപ്പോൾ ഞാൻ വീണ്ടും ഉറപ്പിച്ചു പറയുന്നു: ഈ ലോകത്ത് അവസാനത്തെ ആദിവാസിയെങ്കിലും അവശേഷിക്കുംവരെ ഈ സമരത്തിന് അന്ത്യമുണ്ടാകില്ല.

* സമ്മേളനത്തിൽ പങ്കെടുക്കാൻ ഒട്ടേറെ തടസ്സങ്ങൾ ഉണ്ടായിരുന്നല്ലോ?

= പ്രകൃതിസംരക്ഷണത്തിനു വേണ്ടി പ്രവർത്തിക്കുന്ന അന്താരാഷ്ട്ര സംഘടന (ഇൻററർനാഷണൽ യൂണിയൻ ഫോർ കൺസർവേഷൻ ഓഫ് നേച്വർ - ഐ.യു.സി.എൻ) സംഘടിപ്പിച്ചതാണ് ഈ സമ്മേളനം. ക്ഷണം കിട്ടിയപ്പോൾ മുതൽ അതിൽ പങ്കെടുക്കാൻ പറ്റുമോയെന്ന ആശങ്കയിലായിരുന്നു ഞാൻ. കാരണം മുത്തങ്ങ സംഭവത്തെത്തുടർന്ന് ജാമ്യം അനുവദിച്ചപ്പോൾ എൻെറ പാസ്പോർട്ട് സുൽത്താൻ ബത്തേരി കോടതിയിൽ സറണ്ടർ ചെയ്തിരുന്നു. ആദ്യം അതു വീണ്ടുകിട്ടാനായി ശ്രമം. അതു ശരിയായപ്പോൾ ഇമിഗ്രേഷൻ ക്ലിയറൻസ് പ്രശ്നമായി. കോടതി ഉത്തരവിൻെറ പകർപ്പുപോരാ, ഒറിജിനൽ തന്നെ വേണമെന്ന് പാസ്പോർട്ട് ഓഫീസിൽ നിന്നും നിർബന്ധമുണ്ടായി. അവസാന നിമിഷം അതു കൊണ്ടുക്കൊടുത്ത് പ്രശ്നം തീർത്തു.

* ഇന്ത്യയിൽ നിന്ന് ആരൊക്കെയാണ് സമ്മേളനത്തിൽ പങ്കെടുത്തത്?

= മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഇരുപതോളം ആദിവാസി പ്രതിനിധികൾ പങ്കെടുത്തിരുന്നു. കേരളത്തിൽ നിന്നുള്ള ഏക ആദിവാസി പ്രതിനിധിയായിരുന്നു ഞാൻ. ബ്രിട്ടൻ ആസ്ഥാനമായുള്ള 'ഫോറസ്റ്റ് പീപ്പിൾസ് പ്രോഗ്രാം' എന്ന സന്നദ്ധ സംഘടനയാണ് എൻെറ യാത്രാച്ചെലവും മറ്റും വഹിച്ചത്. നീലഗിരിയിലെ ആദിവാസികളായ തോഡരുടെ പ്രതിനിധിയായി വാസമല്ലി, ബംഗ്ലാദേശിലെ ചക്മ വിഭാഗത്തിലെ ഗൗതംകുമാർ ചക്മ.... ഇങ്ങനെ ലോകമെമ്പാടുമുള്ള ആദിമവംശജർ അവിടെയെത്തിയിരുന്നു.

* മറ്റു സ്ഥലങ്ങളിലെ ആദിവാസികളുടെ പ്രശ്നങ്ങൾ എന്തൊക്കെയാണ്?

= ദേശവും ഭാഷയും വേഷവും മാറുന്നുവെന്നേയുള്ളൂ. എല്ലാവരുടെയും പ്രശ്നങ്ങൾ ഒന്നുതന്നെ. ലോകമെമ്പാടുമുള്ള ഒരു കോടിയോളം ആദിവാസികൾ ഇന്നു കുടിയിറക്കു ഭീഷണിയിലാണ്. കാടും ചുറ്റുപാടുമുള്ള പ്രദേശങ്ങളുമൊക്കെ വെട്ടിപ്പിടിച്ചാണ് നാഷണൽ പാർക്കുകൾ ഉണ്ടാക്കുന്നത്. മൃഗങ്ങളെയും കിളികളെയും മരങ്ങളുമൊക്കെ സംരക്ഷിക്കാനും ജലസ്രോതസ്സുകൾ കാത്തുസൂക്ഷിക്കാനുമാണ് പാർക്കുകൾ എന്നാവും ഔദ്യോഗിക വിശദീകരണം. പക്ഷേ, ആനയും കടുവയുമൊക്കെ കാടിൻെറ ഭാഗമാണെന്നറിയുന്നവർ ആദിവാസിയ്ക്ക് ആ പരിഗണന കൊടുക്കുന്നില്ല. ആദിവാസികളെ കുടിയിറക്കിക്കൊണ്ടുള്ള വനവത്ക്കരണം എപ്പോഴും പരാജയപ്പെടുകയാണ് ചെയ്യുക. ആദിവാസി അവശേഷിക്കുന്ന കാടുകളിലേ മൃഗങ്ങളുള്ളൂ... മരങ്ങളുള്ളൂ... ജീവജലവുമുള്ളൂ... ആദിവാസികളുമായി ആലോചിച്ചു മാത്രമേ കാടുകൾ സംരക്ഷിക്കാൻ ഏതു സംവിധാനവും കൊണ്ടുവരാവൂ.

* കാടിൻെറ അവകാശം ആദിവാസികൾക്കു നൽകണമെന്നാണോ?

= ഇത് അവകാശത്തിൻെറയോ അധികാരത്തിൻെറയോ പ്രശ്നമല്ല. പിറന്ന മണ്ണിൽ ജീവിക്കാൻ വേണ്ടി ആദിവാസികൾ ലോകമെമ്പാടും നടത്തുന്ന സമരങ്ങൾ അവനവനു വേണ്ടി മാത്രമല്ല. ലോകത്തിനു മുഴുവൻ വേണ്ടിയാണ്. ആദിവാസി കാടിനുള്ളിൽക്കയറി താമസിക്കുമ്പോൾ വറ്റിപ്പോയ നീരുറവകൾ പുനർജനിക്കുന്നു. ആ ജലം, ജീവജാലങ്ങൾക്കും പ്രദേശത്തുള്ള വൃക്ഷലതാദികൾക്കുമെല്ലാം പുതിയൊരു ഉണർവു നൽകുന്നു. ആദിവാസി വനം സംരക്ഷിക്കുന്നതോടെ ആ പ്രദേശത്താകെ ശുദ്ധവായു നിറയുന്നു. എല്ലാവർക്കും ശുദ്ധവായുവും ജീവജലവും കിട്ടണമെങ്കിൽ കാടിനെ രക്ഷിക്കണം. ആദിവാസിയുടെ സമരം അതിനുവേണ്ടിയാണ്.

* ഇന്ത്യയിലാകെ ആദിവാസികൾ കുടിയിറക്കുഭീഷണി നേരിടുന്നുവെന്നത് ശരിയാണോ?

= തീർച്ചയായും. അസമിൽ ഒരു ലക്ഷത്തോളം പേരെ കഴിഞ്ഞ വർഷം മൂന്നുമാസം കൊണ്ട് കാട്ടിൽ നിന്നുപുറത്താക്കി. കർണാടകയിലെ നാഗർഹോളയിലും സ്ഥിതി ഇതുതന്നെ. ഒറീസയിൽ 'ജിം കി ഗുാ' എന്നൊരു പ്രദേശമുണ്ട്. പ്രകൃതിയുടെ ചരിത്രത്തോളം തന്നെ പഴക്കമുണ്ട് അവിടത്തെ ആദിവാസി ജീവിതത്തിനും. അവരെ മുഴുവൻ കുടിയിറക്കി അവിടെ അലൂമിനിയം ഖനനം തുടങ്ങി. പതിനഞ്ച് ആദിവാസി ഗ്രാമങ്ങളെ മൊത്തമായി കുടിയൊഴിപ്പിച്ചാണ് ഖനനം തുടങ്ങിയത്. ഖനനാവശിഷ്ടങ്ങൾ കൊണ്ടുതള്ളാനായി സമീപത്തെ ഒരു പ്രദേശം മുഴുവൻ ഏറ്റെടുത്തു. കമ്പനിയും അനുസാരികളും സ്ഥാപിക്കാനായി മറ്റൊരു പ്രദേശവും. കുടിയിറക്കപ്പെടുന്ന എല്ലാ ആദിവാസികൾക്കും തൊഴിൽ കൊടുക്കാമെന്ന് വാഗ്ദാനം ഉണ്ടായിരുന്നു. പക്ഷേ, റോഡിൻെറ വശങ്ങളിലെ പുല്ലുചെത്താനുള്ള കരാർപ്പണി മാത്രമാണ് കിട്ടിയത്. അതും വല്ലപ്പോഴും മാത്രം. ഭൂമിയില്ലാതായതോടെ ആദിമനുഷ്യരുടെ പാരമ്പര്യകൃഷിരീതിയൊക്കെ അന്യം നിന്നുപോയി. തിങ്ങിഞെരുങ്ങി ചാളപോലുള്ള കോളനികളിൽ അവർ താമസിക്കുന്നു.

അന്ന് എൻെറ മുഖത്തേറ്റ അടി
എനിക്കല്ല കൊണ്ടത്, സാംസ്കാരിക
കേരളത്തിനാണ്. കാരാഗൃഹങ്ങൾക്കും
കാരിരുമ്പഴികൾക്കും കടുത്ത
മർദനങ്ങൾക്കുമൊന്നും
ഞെരിച്ചമർത്താവുന്നതല്ല ഓരോ
ആദിവാസിയുടേയും സമരവീര്യം.



മുത്തങ്ങ സമരത്തെ തുടർന്ന് സി.കെ. ജാനു അറസ്റ്റ് ചെയ്യപ്പെട്ടപ്പോൾ

**മഹാത്മാഗാന്ധിയുടെ കൊച്ചുമകളായ ലേനാ ഗാന്ധി ദർബനിലുണ്ട്. ഒരു ദിവസം അവരെന്നെ വീട്ടിലേക്ക് അത്താഴത്തിനു ക്ഷണിച്ചു. എൻെറ തർജമപ്രശ്നം പരിഹരിക്കാൻ മാലയെ പരിചയപ്പെടുത്തിത്തന്നു. തമിഴ്നാട്ടുകാരിയായ മാല ദർബനിൽ റേഡിയോയിൽ വാർത്ത വായിക്കുന്നു. മാലയ്ക്ക് തമിഴേ അറിയൂ. എനിക്ക് തമിഴ് അറിയാവുന്നത് അനുഗ്രഹമായി. പിറ്റേന്നു മുതൽ ഞാൻ തമിഴിൽ സംസാരിച്ചു. മാല തർജമ ചെയ്തു.**



ഇപ്പോൾ ഈ കോളനികളിലേക്ക് പുറത്തുള്ള ആദിവാസികൾ പെൺകുട്ടികളെ വിവാഹം ചെയ്തുകൊടുക്കാതായി. അതുപോലെ ഇവിടത്തെ ദരിദ്രമായ ചുറ്റുപാടുകളിൽ ജീവിക്കുന്ന പെൺകുട്ടികളെ പുറത്തുള്ളവർ വിവാഹം കഴിക്കുന്നുമില്ല. അങ്ങനെ ശരിക്കും ഒറ്റപ്പെട്ട അവസ്ഥയിലാണ് ജിം കി ഗുഠായിലെ ആദിവാസികൾ... ഖനിക്കെതിരേയും കമ്പനിക്കെതിരേയും ഒരുപാടു സമരങ്ങൾ നടന്നു. ഞാനുമതിൽ പങ്കെടുത്തിട്ടുണ്ട്. പക്ഷേ, പ്രയോജനമൊന്നുമില്ല... 'ജിം കി ഗുഠാ' ഒറീസയിൽ മാത്രമല്ല, ലോകമെമ്പാടുമുണ്ട്. സ്ഥലപ്പേരും ഭാഷയും മാറുന്നുവെന്നുമാത്രം. എല്ലായിടത്തും കണ്ണീരിന് ഉപ്പുരസം തന്നെ. പ്രതിഷേധങ്ങൾക്ക് നീറിപ്പുകയുന്ന മനസ്സുകളുടെ ചൂടും.

* ദർബൻ സമ്മേളനത്തിൽ ഇക്കാര്യങ്ങളൊക്കെ ഉയർന്നുവന്നോ?

=ഖനികളും വ്യവസായങ്ങളും വരുന്നതോടെ അനാഥരാക്കപ്പെടുന്ന ആദിവാസികളുടെ പ്രശ്നങ്ങൾ ദർബൻ സമ്മേളനത്തിൽ ഉയർന്നിരുന്നു. ഖനികൾ അതു നിലകൊള്ളുന്ന ഗ്രാമത്തിൻെറ സ്വന്തമായിരിക്കണമെന്നും അതിൽ നിന്നുള്ള ലാഭത്തിൻെറ നല്ലൊരു ശതമാനം പ്രദേശവാസികൾക്കുവേണ്ടി ചെലവഴിക്കണമെന്നും ആവശ്യമുയർന്നു. അതുപോലെ പ്രാധാന്യം കിട്ടിയ മറ്റൊരു പ്രശ്നമാണ് വനവൽക്കരണവും വനസംരക്ഷണവും. ആദിവാസികളെ ഒഴിവാക്കിക്കൊണ്ട് വനംസംരക്ഷിക്കുക എന്ന നയമാണ് ഇന്ത്യയിൽ സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ആദിവാസികളും ഗവണ്മെൻറും വനം വകുപ്പും ഒരുമിച്ചുനിന്ന് വനം സംരക്ഷിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്നാണ് ദർബൻ സമ്മേളനത്തിൻെറ പ്രധാന നിർദ്ദേശം.

* ഈ നിർദ്ദേശങ്ങൾ നടപ്പാകണമെങ്കിൽ ലോകരാഷ്ട്രങ്ങളുടെ മേൽ സമ്മർദ്ദം വേണ്ടി വരില്ലേ?

= ലോകരാജ്യങ്ങൾ പങ്കെടുക്കുന്ന നയരൂപവൽക്കരണ സമ്മേളനങ്ങളിൽ ആദിവാസി വിഷയം കൂടി ഉൾപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ലോക ആദിവാസി സമ്മേളനങ്ങൾ ഈ ലക്ഷ്യത്തിലേക്ക് നയിക്കും എന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. ആദിവാസികൾ പ്രശ്നങ്ങൾ രാഷ്ട്രീയവത്കരിക്കാൻ ശ്രമിക്കുന്നുവെന്ന് സമ്മേളനത്തിൽ പങ്കെടുത്ത ഒരു വിഭാഗം ആരോപിച്ചു. ആദിവാസി പ്രശ്നം രാഷ്ട്രീയവിഷയം തന്നെയാണ്. എന്തുകൊണ്ട് ഇത് രാഷ്ട്രീയവത്ക്കരിക്കപ്പെട്ടുകൂടാ? ലോകമെമ്പാടും ആദിവാസികളുടെ ജീവിതം ഒരു ചോദ്യചിഹ്നമാണെന്ന് വെളിപ്പെടുത്താൻ ദർബൽ സമ്മേളനം ഉപകരിച്ചു. ഈ ഭൂമിയിൽ ആദിവാസിക്കുമാത്രം ഇടമില്ലേ എന്ന ചോദ്യം ലോകമനസ്സാക്ഷിക്കു മുൻപിൽ ഉയർന്നത് അത്ര നിസ്സാരമല്ല.

* നാഷണൽ പാർക്കുകൾ ആദിവാസികളെ വഴിയാധാരമാക്കി എന്നാണോ?

=നൂറ്റിഅറുപത് ആദിവാസികളെ കൊന്നുകൊണ്ടാണ് ലോകത്ത് ആദ്യമായി അമേരിക്കയിൽ ഒരു നാഷണൽ പാർക്കിന് തുടക്കം കുറിച്ചത്. ഓരോ പാർക്കും നിർമ്മിക്കുമ്പോൾ കൊലയും കുടിയിറക്കും തുടർന്നുകൊണ്ടിരിക്കുന്നു. അന്നു പെട്ടെന്ന് കൊലപ്പെടുത്തിയെങ്കിൽ ഇന്ന് ഇഞ്ചിഞ്ചായി കൊല്ലുന്നു. ആദിവാസിയുടെ ചോരയും നീരും മണ്ണും ഉപജീവനമാർഗ്ഗവും സംസ്കാരവും തനിമയുമൊക്കെ ഊറ്റിയെടുത്തുകൊണ്ടാണ് ഓരോ പാർക്കും രൂപപ്പെടുന്നത്. പക്ഷേ, ആദിവാസികളെ കുടിയിറക്കി മുള്ളുകമ്പിവേലികൾക്കുള്ളിൽ സംരക്ഷിക്കുന്ന വനപ്രദേശം പിന്നീടുകാണുമ്പോൾ 'കാടെവിടെ മക്കളെ' എന്നു വിലപിക്കേണ്ട അവസ്ഥയിലാകും.

ആനയും കടുവയും സിംഹവാലൻ കുരങ്ങുമൊക്കെ പ്രകൃതിയുടെ ഭാഗമാണെന്നും കാടിൻെറ അവകാശികളാണെന്നും കരുതുന്ന പരിഷ്കൃതസമൂഹം ആദിവാസിയെ മാത്രം അവൻെറ മണ്ണിൽനിന്ന്, ആട്ടിയോടിക്കുന്നു. ആദിവാസി കാടിൻെറ ഭാഗമാണെന്ന് നിയമനിർമ്മാണത്തിലൂടെ ഉറപ്പാക്കിയാൽ മാത്രമേ കാട് രക്ഷപ്പെടൂ.

* ദർബൻ സമ്മേളനത്തിൽ എത്ര പ്രതിനിധികൾ പങ്കെടുത്തിരുന്നു?

=ലോകരാജ്യങ്ങളിൽ നിന്ന് നാലായിരത്തോളം പ്രതിനിധികൾ പങ്കെടുത്തിരുന്നു. അതിൽ ഏറെയും ആദിവാസികളായിരുന്നു. പ്രത്യേകിച്ചും സ്ത്രീകൾ. പ്രബന്ധങ്ങൾ അവതരിപ്പിച്ചതും ഭൂരിപക്ഷവും ആദിവാസി സ്ത്രീകൾ തന്നെയായിരുന്നു. വിവിധ ഭാഷകളിലായിരുന്നു പ്രബന്ധങ്ങളെങ്കിലും അതിൻെറ വികാരത്തിന് മാറ്റമുണ്ടായിരുന്നില്ല -എല്ലാറ്റിലും, കാൽക്കീഴിൽ നിന്ന് മണ്ണൊലിച്ചു പോകുമ്പോഴുള്ള അനാഥത്വബോധം തുടിച്ചുനിന്നു. പല ആദിവാസികളും തർജമക്കാരെ കൊണ്ടുവന്നിരുന്നു. ഞങ്ങളെപ്പോലെ ദരിദ്രരായവർക്ക് അവിടെനിന്ന് തർജമക്കാരെ സംഘടിപ്പിക്കേണ്ടിവന്നു. മലയാളത്തിൽനിന്ന് ഇംഗ്ലീഷിലേക്ക് തർജമ ചെയ്യാനറിയാവുന്ന ഒരാൾക്കുവേണ്ടി ദർബനിലെമ്പാടും തിരഞ്ഞെങ്കിലും കിട്ടിയില്ല.

മഹാത്മാഗാന്ധിയുടെ കൊച്ചുമകളായ ലേനാഗാന്ധി ദർബനിലുണ്ട്. ഒരു ദിവസം അവരെന്നെ അവരുടെ വീട്ടിലേക്ക് അത്താഴത്തിനു ക്ഷണിച്ചു. എൻെറ തർജമപ്രശ്നം പരിഹരിക്കാൻ മാല എന്നൊരു ദക്ഷിണേന്ത്യക്കാരിയെ പരിചയപ്പെടുത്തിത്തന്നു. തമിഴ്നാട്ടുകാരിയായ മാല ദർബനിൽ റേഡിയോയിൽ വാർത്തവായിക്കുന്നു. വർഷങ്ങളായി ദർബനിൽ താമസം. മാലയ്ക്ക് മലയാളം നന്നായി അറിയില്ല, തമിഴേ അറിയൂ. എനിക്ക് ഒരുവിധം നന്നായി തമിഴ് അറിയാവുന്നത് അനുഗ്രഹമായി. പിറ്റേന്നു മുതൽ ഞാൻ തമിഴിൽ സംസാരിച്ചു. മാല തർജമ ചെയ്തു.

* സമ്മേളത്തിൽ വാദപ്രതിവാദങ്ങളൊന്നും നടന്നില്ലേ?

=സമ്മേളനത്തിൻെറ മൂന്നാം ദിവസം ഞാൻ റിപ്പോർട്ട് അവതരിപ്പിച്ചു. ആദിവാസികൾ കുടിയിറക്കപ്പെടുന്നതിനെക്കുറിച്ചായിരുന്നു അത്. വയനാട്ടിലെ മുത്തങ്ങ, തിരുനെല്ലി പഞ്ചായത്തിലെ തോൽപ്പെട്ടി, കോട്ടയൂർ, ചക്കിനി, കാരമാട് തുടങ്ങി കാടിനോട്

ചേർന്ന പ്രദേശങ്ങളിലെല്ലാം കുടിയിറക്ക് തുടരുകയാണെന്ന് ഞാൻ പറഞ്ഞു.

പെട്ടെന്ന് ഇന്ത്യാഗവൺമെൻറിൻെറ പ്രതിനിധിയായ ഒരു വനംവകുപ്പുദ്യോഗസ്ഥൻ എഴുന്നേറ്റുനിന്ന് എനിക്കെതിരെ ശക്തമായി ശബ്ദമുയർത്തി. ''ഇന്ത്യയിൽ ആദിവാസികൾക്കെതിരെ കുടിയിറക്കുഭീഷണിയൊന്നുമില്ല. ഇന്ത്യാഗവൺമെൻറിനെ അപമാനിക്കാൻ വേണ്ടിയാണ് ഇങ്ങനെയൊക്കെ പറയുന്നത്. ഇതൊക്കെ ചില തത്പരകക്ഷികൾ ഇവരെക്കൊണ്ട് ചെയ്യിക്കുന്നതാണ്.''

ഞങ്ങളുടെ ജീവിതവും അനുഭവങ്ങളുമാണ് ഞാൻ വിശദീകരിച്ചതെന്നും ഇതൊന്നും എന്നെക്കൊണ്ട് നിർബന്ധിച്ച് പറയിക്കുന്നതല്ലെന്നും ഞാനും പ്രതികരിച്ചു. നിൽക്കക്കള്ളിയില്ലാതായപ്പോൾ അയാൾ ശബ്ദമടക്കി എഴുന്നേറ്റുപോയി.

ഈ തർക്കം ഒരുതരത്തിൽ എന്നെ സഹായിച്ചു. 'ഇത്രയധികം ആദിവാസിപീഡനം ഇന്ത്യയിൽ നടക്കുന്നുണ്ടോ? ഞങ്ങൾ നിങ്ങളെ സഹായിക്കേണ്ടതുണ്ടോ?' എന്നു ചോദിച്ച് പല രാജ്യങ്ങളിലേയും ആദിവാസി നേതാക്കൾ എൻറടുത്തേക്ക് വന്നു.

* മുത്തങ്ങ സംഭവത്തെക്കുറിച്ച് മറ്റു രാജ്യങ്ങളിലെ ആദിവാസികൾക്ക് അറിയാമായിരുന്നോ?

=സമ്മേളനത്തിൽ പങ്കെടുത്ത പലർക്കും അറിയില്ലായിരുന്നു. കേട്ടറിഞ്ഞപ്പോൾ എല്ലാവരും സമരത്തോട് അനുഭാവം പ്രകടിപ്പിച്ചു. ലോകത്ത് ഓരോ പ്രദേശങ്ങളിലും നടക്കുന്ന ആദിവാസിപീഡനങ്ങളുടേയും ചൂഷണങ്ങളുടേയും സി.ഡി.കൾ ഓരോരുത്തരും പ്രസംഗിക്കുമ്പോൾ പ്രദർശിപ്പിച്ചിരുന്നു. പക്ഷേ, എനിക്കൊരു അബദ്ധം പറ്റി. ഞാൻ മുത്തങ്ങ, പ്ലാച്ചിമട പ്രശ്നങ്ങളുടെ സി.ഡി.കൾ കൊണ്ടുപോയിരുന്നെങ്കിലും അത് മലയാളത്തിലായിരുന്നു. 'ഇംഗ്ലീഷിൽ ഡബ്ബ് ചെയ്തുകൊണ്ടുപോകാൻ എനിക്ക് സാവകാശം കിട്ടിയില്ല.

* മറ്റു സി.ഡി.കൾ കണ്ടതിൽ മനസ്സിനെ മുറിവേൽപ്പിക്കുന്ന എന്തെങ്കിലും സംഭവങ്ങൾ?

=ഒരു രാജ്യത്തെ ആദിവാസിപ്രശ്നം വിവരിക്കുന്ന സി.ഡി.യുടെ ഒന്നുരണ്ട് ദൃശ്യങ്ങൾ എന്നെ ഇപ്പോഴും വേട്ടയാടുന്നു. നാഷണൽ പാർക്കിൻെറ കമ്പിവേലിക്ക് പുറത്ത് വിശന്നു തളർന്ന് നടക്കാൻപോലുമാവാതെ കിടക്കുന്ന ആദിവാസിക്കോലങ്ങൾ. കമ്പിക്കുള്ളിൽ വന്യമൃഗസംരക്ഷണത്തിൻെറ ആർഭാടവും ധൂർത്തും. സ്പാനിഷ് ഭാഷയിലായിരുന്നതിനാൽ വിവരണങ്ങളൊന്നും മനസ്സിലായില്ല. പട്ടിണിയും ദുരിതവും കാണാൻ ലിപികൾ ആവശ്യമില്ലല്ലോ.

* ലോക ആദിവാസി ഏകോപനത്തിനായി എന്തെങ്കിലും പരിപാടികൾ?

=തീർച്ചയായുമുണ്ട്. ലോക ആദിവാസികളെ ഒരുമിച്ചുനിർത്താനായി ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയെന്ന ആശയം ദർബൻ സമ്മേളനത്തിൽ ഉയർന്നുവന്നു. കോ-ഓർഡിനേറ്ററായി മലേഷ്യയിലെ സജീവ ആദിവാസി പ്രവർത്തക ജെനി തിരഞ്ഞെടുക്കപ്പെട്ടു. ആദിവാസി സമൂഹങ്ങൾ പരസ്പരം കത്തുകളിലൂടെയും സന്ദേശങ്ങളിലൂടെയും ആശയം കൈമാറുകയും ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്യുകയെന്നതാണ് കമ്മിറ്റിയുടെ പ്രധാന ലക്ഷ്യം.

* ജെനിയിൽ ആദിവാസികൾക്ക് വിശ്വാസമുണ്ടോ?


=അതുകൊണ്ടാണല്ലോ അവർ തിരഞ്ഞെടുക്കപ്പെട്ടത്. നാൽപ്പത്തിരണ്ടുകാരിയായ ജെനിയെ എനിക്ക് 1994 മുതൽ അറിയാം. ഐക്യരാഷ്ട്രസഭയുടെ ഒരു സമ്മേളനത്തിൽ ഞങ്ങളിരുവരും ഒരുമിച്ച് പങ്കെടുത്തിരുന്നു. ഒരു തീരുമാനങ്ങളും സ്വയം എടുക്കാറില്ല എന്നതാണ്




# ഗൗരി

**ആര്യാംബിക എസ്.വി.**

മെഴുതിരിനാള, മകത്തു കറുപ്പി-
ന്നഴകു പിണഞ്ഞ ചെറുപ്പം
തൊഴുകരമെരിയും തലയി,ലുയിർപ്പൂ
പഴയ കഥയ്ക്കൊരു ഭാഷ്യം.
മെഴുകിതു മഞ്ഞിൻ മലയാ,യൊറ്റ-
ക്കഴലിൽത്തൻമെയ് താങ്ങി
എരിതീച്ചേല പുതച്ചു, തപസ്സാൽ
ക്കരിനിറമാർന്നൂ ഗൗരി.
തടയുവതിന്നാഞ്ഞെത്തീ കാറ്റൊ-
ന്നുടുപുട മാത്രമുലഞ്ഞു.
കരയുന്നച്ഛൻ, കണ്ണീർച്ചാലുക-
ളുറയുന്നൂ കാൽച്ചോട്ടിൽ
'പതിച്ചുകിട്ടണമൊരു ഹൃദയത്തെ,
പാതി ശരീരം കൂടെ'
ഉറച്ച കാൽവെപ്പിളകാ നിലപാ-
ടുറക്കമില്ലാ രാവ്.
മെഴുതിരിനാള, മകത്തു കറുപ്പി-
ന്നഴകു പിണഞ്ഞ ചെറുപ്പം
തൊഴുകരമെരിയും തലയിൽ, ചെയ്‌വൂ
തൊഴിലവ,ളുരുകിത്തീരൽ.




**വേംഡ് പാർക്ക് കോൺഗ്രസ്സിൻെറ വാർത്താപത്രികയിൽ വന്ന ജാനുവിൻെറ അഭിമുഖവും ചിത്രവും (സപ്തംബർ 12)**

ജെനിയുടെ ഏറ്റവും വലിയ ഗുണം. അണികൾ തീരുമാനിക്കും; ജെനി അത് സ്വീകരിക്കും, നടപ്പാക്കും.

* ദർബനിൽവെച്ച് പത്രക്കാരെ കണ്ടിരുന്നോ?

=ദക്ഷിണാഫ്രിക്കയിലെ ആദിവാസി നേതാവായ ലൂസി, ഒളിവ്യൽ, ജോജി എന്നിവരോടൊപ്പം ഞാനും ജെനിയും ഒരു പത്രസമ്മേളനത്തിൽ പങ്കെടുത്തിരുന്നു. അന്നേരം ഒരു മലയാളി എനിക്കുവേണ്ടി തർജമ ചെയ്യാൻ മുന്നോട്ടുവന്നത് സഹായമായി. സംശയങ്ങൾ തീർക്കുന്ന മട്ടിലുള്ള ചോദ്യങ്ങളാണ് പത്രപ്രവർത്തകരിൽനിന്നുണ്ടായത്. കാര്യങ്ങളെല്ലാം ഉടൻതന്നെ മടിയിലുള്ള ലാപ്ടോപ്പിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ടായിരുന്നു.

* ഇംഗ്ലീഷ് നന്നായി സംസാരിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?

= ഇംഗ്ലീഷ് നന്നായി സംസാരിക്കാൻ പറ്റിയിരുന്നെങ്കിൽ കൊള്ളാമായിരുന്നു. പ്രസംഗിക്കാൻ പറ്റില്ലെങ്കിലും ഇപ്പോൾ അത്യാവശ്യ കാര്യങ്ങളൊക്കെ ഇംഗ്ലീഷിൽ പറയാൻ പറ്റുന്ന അവസ്ഥയായി. പക്ഷേ, മുൻപൊരിക്കൽ ഞാൻ തായ്‌ലൻറിൽ ഒരു സമ്മേളനത്തിന് പോയിരുന്നു. അന്നെനിക്ക് എ, ബി, സി, ഡി-പോലും അറിയില്ല. ലോകത്തെ വേശ്യാവൃത്തിയുടെ തലസ്ഥാനമാണതെന്ന് എനിക്കറിയാമായിരുന്നു. ഭാഷപോലും അറിയാത്ത ഞാൻ ഏതെങ്കിലും പെൺവാണിഭക്കാരുടെ വലയിൽ പെടുമോ എന്നുപോലും പേടിയുണ്ടായിരുന്നു. എങ്കിലും ഞാൻ പോയി; സമ്മേളനത്തിൽ പങ്കെടുത്തു. ആ ഒരു തൻേറടമാവാം എന്നെ ഇവിടെവരെ കൊണ്ടെത്തിച്ചത്. അല്ലെങ്കിൽ മുത്തങ്ങയിലെ വെടിവെപ്പോടെ, പോലീസ് മർദനത്തോടെ ഞാൻ തകർന്നുപോകുമായിരുന്നു.

* പോലീസ് മർദനം നിങ്ങളെ ബാധിച്ചിട്ടില്ലെന്നാണോ?

=ആരോഗ്യത്തെ ബാധിച്ചിട്ടുണ്ട്. തലയ്ക്കേറ്റ അടി എനിക്ക് എന്തൊക്കെയോ പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഓർമക്കുറവ് വല്ലാതെയുണ്ട്. ദർബനിൽവെച്ച് ഒന്നുരണ്ടു പ്രാവശ്യം അത്യാവശ്യ രേഖകൾ എടുക്കാതെ ഞാൻ സമ്മേളനസ്ഥലത്ത് വന്നു. സംസാരിക്കുമ്പോൾ അൽപ്പം ഒരു തപ്പലുണ്ട്. ചികിത്സയ്ക്കൊന്നും ഇതുവരെ സമയം കിട്ടിയില്ല. എന്നാൽ മനസ്സ് ഒട്ടും പതറിയിട്ടില്ല.

* മർദനം സമരത്തെ പിന്നോട്ടടിച്ചോ?

=ഞാൻ വീണ്ടും പറയുന്നു- അന്ന് എൻെറ മുഖത്തേറ്റ അടി എനിക്കല്ല കൊണ്ടത്, സാംസ്കാരിക കേരളത്തിനാണ്. കാരാഗൃഹങ്ങൾക്കും കാരിരുമ്പഴികൾക്കും കടുത്ത മർദനങ്ങൾക്കുമൊന്നും ഞെരിച്ചമർത്താവുന്നതല്ല ഓരോ ആദിവാസിയുടേയും സമരവീര്യം.

* കേരളത്തിലെ ആദിവാസി സമരത്തിൻെറ ഇപ്പോഴത്തെ അവസ്ഥ എന്താണ്?

=കേരളത്തിൽ ആദിവാസികളുടെ ഭൂമിക്കുവേണ്ടിയുള്ള സമരം ഉടൻ പുനരാരംഭിക്കും. മുത്തങ്ങ സംഭവത്തിൽ ആദിവാസികൾക്കുനേരെ ഉണ്ടായ പീഡനത്തെക്കുറിച്ച് സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യും. ●

---


# പടയൊരുക്കം

**(11-ൽ നിന്ന് തുടർച്ച)**

അധികമുള്ള ഭൂഗർഭജലം ഉപയോഗിച്ച് കോളയുണ്ടാക്കി വിൽക്കണ്ടേ എന്നുവെച്ചാൽ പോരേ? കീടനാശിനികൾ കലർന്ന വെള്ളമുപയോഗിച്ചുതന്നെ കോളയുണ്ടാക്കണമെന്ന് ഇവർക്ക് എന്താണിത്ര നിർബന്ധം. ഹോളണ്ടിലെ ഭൂഗർഭജലത്തിൽ ഇവിടത്തെ ഭൂഗർഭജലത്തിലുള്ളതിനേക്കാൾ അഞ്ചിരട്ടി കീടനാശിനി സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. പക്ഷേ, അവിടത്തെ കൊക്കക്കോളയിൽ കീടനാശിനികളില്ല! ഡി.ഡി.റ്റി.യും ലിൻഡെയ്നും മാലത്തിയോണും ക്ലോർഫിറിഫോസും ഒന്നുമില്ല. അതെന്താ ഹോളണ്ടിലെ കോളപ്ലാൻറുകൾ കീടനാശിനി കലർന്ന ഭൂഗർഭജലമുപയോഗിച്ച് കോളയുണ്ടാക്കാത്തത്? കാരണം ലളിതം. വെള്ളക്കാരൻെറ ആരോഗ്യം പരമപ്രധാനമാണ്. കറുത്തവൻ വിഷംകുടിച്ച് പുഴുവരിച്ച് മണ്ണടിഞ്ഞാൽ അവർക്ക് ഒന്നും വരാനില്ല. തങ്ങൾ ഉണ്ടാക്കുന്ന സാധനങ്ങളുടെ ഉപഭോക്താക്കൾ മാത്രമാണ്, അവരെ സംബന്ധിച്ചിടത്തോളം കറുത്തവർ.

എന്നെക്കാണാൻ വന്ന കൊക്കക്കോളയുടെ ഉന്നതാധികാരികൾക്കു മുൻപിൽ ഞാനൊരു നിർദേശം വെച്ചു; കോളക്കമ്പനികൾക്ക് മഴവെള്ളം സംഭരിച്ച് കോളയുണ്ടാക്കിയാൽ പോരേ? ഭൂഗർഭജലം നാട്ടുകാരുടെ ജന്മാവകാശമാണ്. ആകാശത്തിലെ വെള്ളം (മഴവെള്ളം) നിങ്ങളുപയോഗിച്ചുകൊള്ളൂ. ഭൂമിയിലെ വെള്ളം നാട്ടുകാരുടേതു മാത്രമാണ്. അത് ഊറ്റിയെടുത്ത്, പാവപ്പെട്ട ആദിവാസികളുടെയും കൃഷിക്കാരുടെയും കുടിവെള്ളം മുട്ടിച്ച് എന്തിന് ലാഭമുണ്ടാക്കുന്നു?

● പ്ലാച്ചിമടയിൽ കൊക്കക്കോള പ്ലാൻറ് തുടങ്ങാൻ അനുമതി കൊടുത്ത എൽ.ഡി.എഫ്.കാർ തന്നെ ഇപ്പോൾ അത് അടച്ചുപൂട്ടണമെന്ന് പറയുന്നത് കാപ



**സത്യമായും കേരളീയർ ഒരു കപടജനതയാണ്. ഭൂമിയുടെ യഥാർഥ അവകാശികളെ, കാടിന്റെ മക്കളെ, ആട്ടിയോടിച്ച നന്ദിയറ്റ ജനത.... അവർക്കിന്നുള്ളത് കീഴാളജാതിക്കാരുടെ അഹമ്മതിയോടുള്ള ഒടുങ്ങാത്ത രോഷം മാത്രം**

# ദൈവത്തിന്റെ സ്വന്തം നാട്ടിൽ

**പുനത്തിൽ കുഞ്ഞബ്ദുള്ള**

മുത്തങ്ങ സംഭവത്തിനുശേഷം ജനപ്രതിനിധികൾ ആദിവാസികളെ കണ്ട് സംസാരിക്കുന്നു



കഴിഞ്ഞ രണ്ടുമൂന്നു രാത്രികളിലായി എനിക്ക് ഉറങ്ങാനേ കഴിഞ്ഞിരുന്നില്ല. ഏറെ വൈകി ഉറക്കത്തിന്റെ അബോധതലം സ്പർശനീയമാവുമ്പോൾ ടിവി സ്ക്രീനിൽ ഞാൻ അതിനു മുൻപു കണ്ട മുത്തങ്ങ ആദിവാസി വേട്ടയുടെ ദുരന്തചിത്രം പ്രത്യക്ഷപ്പെടുകയും ഞാൻ വീണ്ടും ബോധത്തിലേക്ക് ഞെട്ടിവീഴുകയും ചെയ്തുകൊണ്ടേയിരുന്നു. ഒക്കത്ത് കുഞ്ഞിനെയേന്തിയ എല്ലിൻകൂടുകളെ വെടിയുതിർക്കുന്ന തോക്കുമായി പോലീസ്‌വ്യൂഹം നേരിടുന്നതും ഒരു എത്തിയോപ്യൻ വംശീയകലാപത്തിലെന്നപോലെ ഉണങ്ങിയ പുൽപ്പരപ്പിൽ ആദിവാസികൾ ചിതറിവീണു കിടക്കുന്നതും എന്നെ പേരിട്ടുവിളിക്കാനാവാത്ത അസ്വസ്ഥതകളുടെ തടവുകാരനാക്കി. ഫിബ്രവരി 21ന് കാലത്ത് പത്രം നോക്കുമ്പോൾ അടിയേറ്റ് നെറ്റി പൊട്ടി ചോരയൊഴുക്കുന്ന പിഞ്ചുകുഞ്ഞിനെ വീണ്ടും തല്ലാൻ ശ്രമിക്കുന്ന 'വനിതാ' പോലീസുകാരിയുടെ ലാത്തിവടിയെ ദുർബലമായ കൈകൊ


ണ്ട് തടയാൻ ശ്രമിക്കുന്ന ഒരാദിവാസി അമ്മയുടെയും കുഞ്ഞിൻെറയും ചിത്രം കണ്ടു. അക്ഷരാർഥത്തിൽ ഞാൻ ജീവിക്കുന്നത് കേരളത്തിലല്ലെന്നും അപ്പാർത്തീഡിൻെറ നാളുകളിലെ ദക്ഷിണാഫ്രിക്കയിലാണെന്നും എനിക്കുതോന്നി.

ലോകത്തെങ്ങും ദുരന്തങ്ങളായി മാത്രമാണ് ഗോത്രസമുദായങ്ങൾ വാർത്തകളിലിടം നേടാറ്. വല്ലപ്പോഴും ചില വിചിത്രമായ ഗോത്രാചാരങ്ങളുടെ കൗതുകദൃശ്യങ്ങളായും. ഇക്കഴിഞ്ഞ ദിവസങ്ങളിലും പതിവുപോലെ ദുരന്തങ്ങളായാണ് മാധ്യമങ്ങളിൽ ആദിവാസി നിറഞ്ഞുതുളുമ്പിയത്. പൊതുസമൂഹത്തിൻെറ ക്രൂരഫലിതങ്ങളായി!

കഴിഞ്ഞ ഒരു മാസത്തിലേറെയായി വയനാട്ടിലെ മുത്തങ്ങയിൽ സി.കെ. ജാനു നയിക്കുന്ന ഗോത്രമഹാസഭയുടെ നേതൃത്വത്തിൽ നടന്നുവരുന്ന ഭൂസമരത്തെ ഇത്തവണ ഏതു രീതിയിലാവും ആൻറണിസർക്കാർ നേരിടുകയെന്ന് ആ ദിവസങ്ങളിൽ പലപ്പോഴായി എൻെറ ചിന്തയെ അലട്ടിയിരുന്നു. തിരുവനന്തപുരത്ത് കഴിഞ്ഞ വർഷം സെക്രട്ടേറിയറ്റ് വളപ്പിൽ കുടിൽകെട്ടി ആട്ടവും പാട്ടുമായി ഒരു മാസത്തിലേറെ നീണ്ടുനിന്നതും തലസ്ഥാനനഗരി ദിനേന കാണുന്ന പതിവുസമരരീതികളിൽ നിന്ന് വ്യത്യസ്തമായതുമായ ജാനുവിൻെറ സമരം പ്രതിപക്ഷത്തിന് ഒട്ടും രസിച്ചിരുന്നില്ല. അധഃസ്ഥിതൻെറ അവകാശസമരങ്ങളുടെ കുത്തകാവകാശമേറ്റെടുത്തവർക്ക് സ്വയം സജ്ജവും വ്യവസ്ഥാപിതത്വത്തിനെതിരുമായ ജാനുവിൻെറ സമരമുറ അംഗീകരിക്കാൻ കഴിയില്ലല്ലോ. എന്നാൽ ഭരണപക്ഷമാകട്ടെ, അനുതാപത്തോടെയാണ് സമരത്തെ നോക്കിക്കണ്ടത്. സെക്രട്ടേറിയറ്റ് വളപ്പ് കക്കൂസാക്കിയെന്ന് പ്രതിപക്ഷം പരാതിപറഞ്ഞപ്പോൾ ചർച്ചകളിലൂടെ ഇരു പക്ഷത്തിനും സ്വീകാര്യമായ ഒരു കരാറുണ്ടാക്കുകയായിരുന്നു ആൻറണി ഗവൺമെൻറ്. ഒരു കുടുംബത്തിന് ഒരേക്കർ മുതൽ അഞ്ചേക്കർ വരെ ഭൂമിയുടെ ലഭ്യതയനുസരിച്ച് ഭൂമി നല്കുമെന്നും പ്രസ്തുത പദ്ധതി ഒരു വർഷത്തിനകം പൂർത്തീകരിക്കുമെന്നും മാധ്യമ പ്രവർത്തകരെക്കൂടി സാക്ഷിനിർത്തി അന്ന് പ്രഖ്യാപിക്കപ്പെട്ടു. ആസ്ഥാനനഗരിയിൽ കെട്ടിപ്പൊക്കിയ കുടിലുകൾ സമരക്കാർതന്നെ പൊളിച്ചുനീക്കി, അവരവരുടെ ഊരുക

# ജനാധിപത്യത്തിൻെറ പൂക്കാലം

**മറയൂരിൽ 2002-ൽ ആദിവാസി ഭൂമിവിതരണത്തോടനുബന്ധിച്ച് ആദിവാസി കലാകാരന്മാരോടൊപ്പം മുഖ്യമന്ത്രി എ.കെ. ആൻറണി**







ഗോത്രമഹാസഭാ നേതാവ് സി.കെ. ജാനുവിനെ അറസ്റ്റ് ചെയ്ത് കൊണ്ടുപോകുന്നു

ളിലേക്ക് പ്രതീക്ഷയോടെ മടങ്ങി.

അന്യാധീനപ്പെട്ട ആദിവാസിഭൂമി തിരിച്ചുനൽകൽ സംബന്ധിച്ച് 1975ൽ നിയമസഭ പാസാക്കിയതും ഫലത്തിൽരണ്ടു കൂട്ടരെ സംബന്ധിച്ചും അപ്രായോഗികവുമായ കരാർ നടപ്പാക്കുക എന്ന പഴയ നിലപാടിൽനിന്നും ആദിവാസികൾ പുറകോട്ടുപോയതോടെ ഭരണകക്ഷിയിലെ ഘടകകക്ഷികളിൽ ചിലർ സന്തോഷിച്ചിരുന്നു. 75ലെ ആദിവാസി ഭൂനിയമപ്രകാരം കേവലം നാലായിരത്തോളം പരാതി മാത്രമേ സർക്കാരിനു ലഭിച്ചിരുന്നുള്ളൂ. എന്നാൽ ഭൂമിയില്ലാത്ത 45000ത്തോളം കുടുംബങ്ങൾകൂടി ജാനുവും സർക്കാരുമായുണ്ടാക്കിയ കരാറിന്റെ പരിധിയിൽ വരും എന്നതായിരുന്നു സമരസമിതി നേട്ടമായി കരുതിയിരുന്നത്. കൂടാതെ മറ്റു സംസ്ഥാനങ്ങളിൽ ഇപ്പോൾ നിലവിലുള്ള ആദിവാസി മേഖലകളെ സ്വയംഭരണാധികാരമുള്ള ഭരണഘടനയുടെ 5-ാം പട്ടികയിൽ ഉൾപ്പെടുത്തുക എന്ന സമരസമിതിയുടെ ആവശ്യം അംഗീകരിക്കാമെന്നേറ്റതും ആ സമരത്തിന്റെ നേട്ടമായി അന്ന് ജാനു കണ്ടു.

അന്നേവരെ കപടമെന്ന് സംശയിച്ചിരുന്ന ആൻറണിയുടെ ആദർശമഹിമയുടെ പുറംമോടിയിലെവിടെയോ നേരിന്റെ ചെറുതരികളുണ്ടെന്ന് വിശ്വസിക്കാൻ പ്രസ്തുത കരാർ നമ്മെ നിർബന്ധിച്ചുകൊണ്ടേയിരുന്നു. തുടർന്ന് ഇടുക്കിയിലോ മറയൂരോ മറ്റോ, പൊതുവെ അരസികനായ അറക്കപ്പറമ്പിൽ കുര്യൻ ആൻറണിയെന്ന കേരള മുഖ്യമന്ത്രി ആദിവാസികൾക്കൊപ്പം നൃത്തംചെയ്യുന്ന ചിത്രംകൂടി കണ്ടപ്പോൾ ആൻറണിയെ സംബന്ധിച്ച് മനസ്സിൽ രൂഢമൂലമായിത്തീർന്ന വിശ്വാസങ്ങൾ ഉരുകിത്തുടങ്ങി. എന്നാൽ ഏറെ താമസിയാതെത്തന്നെ ആദിവാസികൾക്കൊപ്പം നമ്മളും വഞ്ചിക്കപ്പെടുകയാണെന്ന് ബോധ്യമാകുന്ന തരത്തിലായിരുന്നു കാര്യങ്ങൾ നീങ്ങിയത്. പ്രാരംഭമായി വിതരണം ചെയ്ത ഭൂമിയെക്കുറിച്ച് ആവാസയോഗ്യമല്ലെന്ന പരാതിയുയർന്നു. നിലവിൽ സംസ്ഥാനത്തുള്ള ആദിവാസി പ്രോജക്ടുകളിലെ ഭൂമി ആദിവാസികൾക്കു വിട്ടുകൊടുക്കുന്നതിൽ ഭരണപ്രതിപക്ഷമെന്യേ രാഷ്ട്രീയ പാർട്ടികളും ഉദ്യോഗസ്ഥരും എതിർത്തുനിന്നപ്പോൾ ഇതിനു പിന്നിലെ താല്പര്യം മനസ്സിലായി. ഭൂമി വീതിച്ചുനല്കാൻ ആൻറണി തയ്യാറായില്ല. കൂടാതെ നിയമസഭാ സമിതി പരിശോധിച്ചുറപ്പുവരുത്തിയതും മാധ്യമങ്ങൾ പുറത്തുകൊണ്ടുവന്നതുമായ മൂന്നാറിലെ ടാറ്റയുടെ കൈവശമുള്ള ആയിരക്കണക്കിനേക്കർ ഭൂമി ഏറ്റെടുക്കുവാനോ ഇടുക്കിയിൽ പോപ്പ്സ് ഗ്രൂപ്പ് കൈവശം വെച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുവാനോ ഉള്ള ആർജവം മുഖ്യമന്ത്രി കാണിച്ചില്ല. വിദേശ കുത്തകകളെ ക്ഷണിച്ചുവരുത്തി പ്രകൃതിയുടെ എക്കാലത്തേക്കും വേണ്ട നീക്കിയിരിപ്പുകളായ കാടും പുഴയും കടലോരവും ഭൂഗർഭജലവുമുൾപ്പെടെ ജിം എന്ന പേരിൽ തീറെഴുതി വില്ക്കാനുള്ള തന്ത്രപ്പാടിലായിരുന്നു ആൻറണി. ജിമ്മിൽ തീരുമാനമായ ആറായിരം കോടി രൂപ മുതൽമുടക്കു പ്രതീക്ഷിക്കുന്ന കാസർകോട്- തിരുവനന്തപുരം എക്സ്പ്രസ്സ് ഹൈവേക്കുവേണ്ടി ആയിരക്കണക്കിനേക്കർ ഭൂമി എവിടെ എന്ന് കണ്ടെത്തുന്നതിന് ആദിവാസി ഭൂമിയുടെ കാര്യത്തിലുള്ള ഉത്കണ്ഠകളോ അമാന്തമോ ഉണ്ടായില്ല നമ്മുടെ മുഖ്യമന്ത്രിക്ക്.

രേഖാമൂലം ഗോത്രസഭാ നേതാക്കളുമായുണ്ടാക്കിയ കരാർ നടപ്പാക്കേണ്ട കാലാവധി കഴിഞ്ഞു. ഇപ്പോൾ പ



തിനെട്ടു മാസത്തിനു ശേഷമാണ് മാവൂർ ഗ്വാളിയോർ റയോൺസിനു വേണ്ടി യൂക്കാലി നട്ട് വന്ധ്യമായ കുടിവെള്ളംപോലും ലഭ്യമല്ലാത്ത മുത്തങ്ങയിലെ വന്യജീവി സങ്കേതത്തിൽ ജാനു കുടിയേറി കുടിൽ കെട്ടിയത്. കേന്ദ്രസർക്കാറിൻെറ നിയന്ത്രണത്തിലുള്ള ഒരു വന്യമൃഗസങ്കേതം കേരള സർക്കാർ വിചാരിച്ചാൽ പോലും പതിച്ചുനല്കാനാവില്ലെന്ന് അറിയാത്തവരല്ല ഗീതാനന്ദനും ജാനുവും. മറിച്ച് വന്യജീവി സങ്കേതമെന്ന നിലയിൽ (?) ദേശീയ പ്രാധാന്യമുള്ള ഭൂമിയിലെ കുടിയേറ്റം, കാൽനൂറ്റാണ്ടിലേറെയായി ഭരണപ്രതിപക്ഷങ്ങൾ പരസ്പരം ഫുട്ബാൾ കളിക്കുന്ന ആദിവാസി ഭൂപ്രശ്നത്തെ ദേശീയ ശ്രദ്ധയിലേക്ക് കൊണ്ടുവരുമെന്നും അതുവഴി ഈ അടിസ്ഥാനപ്രശ്നത്തിന് പരിഹാരമുണ്ടാകുമെന്നും അവർ പ്രതീക്ഷിച്ചിരിക്കാം.


എന്നാൽ കഴിഞ്ഞ ഒരു മാസത്തിലേറെയായി മുത്തങ്ങ സമരഭൂമിയിൽനിന്ന് ആദിവാസികളെ തുരത്തിയോടിക്കാൻ നാട്ടാനയെ മദ്യപിപ്പിച്ചുവിട്ടും വനത്തിൽ തീയിട്ടും പരിസ്ഥിതിവാദികളെന്ന പേരിൽ വനംമാഫിയ ഗുണ്ടകളെയിറക്കിയും വനംവകുപ്പ് നടത്തിയ ശ്രമമാണ് ഫിബ്രവരി 18-ാം തീയതിയിലെ ബന്ദിപ്രശ്നത്തിലെത്തിച്ചത്. പിറ്റേദിവസം കലക്ടർ സംഭാഷണത്തിനെത്തിയതോടെ ബന്ദികളെ മോചിപ്പിച്ചതായാണറിവ്. എന്നിട്ടുമെന്തേ ഒരു മധ്യസ്ഥശ്രമം പോലും നടത്താതെ ഈ ശാന്തജീവികൾക്കെതിരെ ശത്രുരാജ്യത്തിലെ പട്ടാളത്തോടെന്ന പോലെ കണ്ണിൽ ചോരയില്ലാതെ വെടിയുതിർത്തത്?

ഈ ദുരന്തദൃശ്യങ്ങൾ ടിവി സ്ക്രീനിലൂടെ മുന്നിലെത്തുമ്പോൾ 1970കളിലെ നക്സലൈറ്റ് അധിനിവേശകാലത്തെ വയനാടിനെ സംബന്ധിച്ച പത്രവാർത്തകളിലേക്ക് എൻെറ ഓർമകൾ സഞ്ചരിക്കുകയാണ്. നിശ്ശബ്ദമായി സഹനത്തിൻെറ പാത സ്വീകരിച്ച വയനാട്ടിലെ ഗോത്രസമുദായത്തെ അന്നാദ്യമായി നിഷേധത്തിൻെറ ഭാഷ പഠിപ്പിച്ച വർഗീസിനെയും കൂട്ടരെയും അമർച്ചചെയ്യാൻ അന്ന് ഭരണകൂടം സ്വീകരിച്ച കിരാതമാർഗങ്ങൾ മലയാളി മറക്കാറായിട്ടില്ല. കാലത്തിൻെറ കാവ്യനീതിപോലെ മുപ്പതു വർഷങ്ങൾക്കു ശേഷമാണെങ്കിലും കുറ്റവാളികൾ നീതിപീഠത്തിനു മുമ്പിലേക്ക് വലിച്ചിഴയ്ക്കപ്പെടുകയാണ്. അന്ന് പക്ഷേ, സ്വച്ഛവും മനോഹരവുമായ ആ വനഭൂമിയിലെ ഗോത്ര ജീവിതത്തിൻെറ തനിമയാകെ പട്ടാള ബൂട്ടുകൾ ചവിട്ടി മെതിച്ചു. ഗോത്രവർഗ സ്ത്രീകൾ 'പരിഷ്കൃത' മനുഷ്യൻെറ ബീജങ്ങളേറ്റുവാങ്ങാൻ നിർബന്ധിതരായി. ഗർഭം ധരിക്കാനും അവൻെറ കുഞ്ഞുങ്ങളെപ്പോറ്റാനും ശപിക്കപ്പെട്ടു. അതുകഴിഞ്ഞ് നീണ്ട 33 വർഷം വേണ്ടിവന്നു അവർക്കുവേണ്ടി ഒരു ശബ്ദമുയരാൻ. അന്ന് കെട്ടടങ്ങിയ സ്വപ്നങ്ങളുടെ ഉയിർത്തെഴുന്നേല്പായിരുന്നു മുത്തങ്ങയിലേത്. ഇന്നിതാ അതും ഊതിക്കെടുത്തിയിരിക്കുന്നു. അധഃസ്ഥിതന് വിമോചനത്തിൻെറ വഴി പറഞ്ഞുകൊടുത്തവരെ പ്രമത്യൂസിനെപ്പോലെ, നാം പീഡനങ്ങൾക്ക് എറിഞ്ഞുകൊടുക്കുന്നു. അന്ന് വർഗീസിനെയാണെങ്കിൽ 33 വർഷത്തിനു ശേഷം ഇന്ന് ജാനുവിനെയും ഗീതാനന്ദനെയും. ക്രൂരവും അശ്ലീലകരവുമായ ചരിത്രത്തിൻെറ ദുരന്താവർത്തനം.

നൂറ്റാണ്ടുകളായി പുറംപോക്കിൽ നിന്നു പുറംപോക്കിലേക്ക് അവരുടെ മണ്ണും സംസ്കാരവും സ്വത്വവും അപഹരിച്ച് പുറന്തള്ളിയതിനെക്കുറിച്ചോ ആവർത്തിച്ചുള്ള കരാർ ലംഘനത്തെക്കുറിച്ചോ ആർക്കും ഇന്ന് പരാതികളേതുമില്ല. ഉള്ളത് കീഴാള ജാതിക്കാരുടെ അഹമ്മതിയോടുള്ള ഒടുങ്ങാത്ത രോഷം മാത്രം. സത്യമായും കേരളീയർ ഒരു കപട ജനതയാണ്. ഭൂമിയുടെ യഥാർത്ഥ അവകാശികളെ, കാടിൻെറ മക്കളെ ആട്ടിയോടിച്ച നന്ദിയറ്റ ജനത.

ആദിവാസിയെ നേരിടുന്ന കാര്യത്തിൽ ഭരണ പ്രതിപക്ഷ വ്യത്യാസമില്ല. ഇതിലെല്ലാവർക്കും ഒരേ സ്വരം. ഹരിജനമെന്ന് ഓമനപ്പേരുനൽകിയ ഗാന്ധിജിയുടെ അനുയായികളും കീഴാളൻെറ വിമോചനം ജനാധിപത്യപരമായും സായുധമായും സാധ്യമാക്കാൻ ഉറക്കമൊഴിയുന്ന ഇടത് വലത് തീവ്ര ഇടത് കമ്മ്യൂണിസ്റ്റുകളും ഗുജറാത്ത് മോഡലിൽ ആദിവാസിയെ മാമോദീസ മുക്കി തീവ്രഹിന്ദുവാക്കുന്ന സംഘപരിവാറും. എല്ലാവർക്കും ഒരേ സ്വരം. ഒരേ ഛായ.

**പതിനെട്ടു റൗണ്ടു മാത്രം വെടിവെച്ച് പിന്മാറിയ പോലീസിന്റെ അലംഭാവത്തെക്കുറിച്ച് പരിതപിക്കുന്ന നിയമസഭാ സ്പീക്കർ! ഒന്നും അന്വേഷിക്കേണ്ടതില്ലെന്നു പറയുന്ന സാമാജികർ. ഉള്ളിലൂറിച്ചിരിക്കുന്ന പ്രതിപക്ഷം. മൂന്നാം മുറയും നാലാം മുറയും പോലീസിന്റെ അവകാശമായി അംഗീകരിക്കുന്ന കോടതിയും**



വയനാട്ടിലൂടെയുള്ള എൻെറ അലസയാത്രകളിൽ കാണാനിടവന്ന ആദിവാസി വികസനത്തിൻെറ ചില വഴിയോര ദൃശ്യങ്ങളുണ്ട്. പ്രിയദർശിനി ബസ് സർവീസ് അതിലൊന്നാണ്. ആധുനികമായ കച്ചവടതന്ത്രങ്ങളുടെ അതിസങ്കീർണമായ രഥ്യകളിലൂടെ മാത്രം വിജയത്തിലെത്തിക്കാൻ കഴിയുന്ന ട്രാൻസ്പോർട്ട് സർവീസാണ് അക്ഷരമറിയാത്ത ആദിവാസിക്കുവേണ്ടി ആവിഷ്കരിച്ചു നടപ്പാക്കി ഇപ്പോൾ കട്ടപ്പുറത്തേറിയിരിക്കുന്ന ആദിവാസി പദ്ധതി. വിദൂര ലക്ഷ്യങ്ങളില്ലാത്തതുകൊണ്ടുതന്നെ എങ്ങോട്ടും പുറപ്പെടേണ്ടതില്ലാത്ത ആദിവാസിക്കായി ബസ് സർവീസ് മാത്രമല്ല, തേയില ഫാക്ടറി, സുഗന്ധവിളത്തോട്ടം. പോരേ പൂരം. മണ്ണിൽനിന്നും ഭക്ഷിക്കാനുള്ളതു മാത്രം വിളയിച്ചെടുക്കാനറിയുന്ന പാവം ആദിവാസിക്കായി ഒറീസയിൽ നിന്നോ മഹാരാഷ്ട്രയിൽ നിന്നോ എത്തുന്ന ഐ.എ.എസ്സുകാരൻെറ ഹൈ ടെക് വികസന വ്യാമോഹം.

കേരളത്തിലെ വനവാസികളെ പൊതു ധാരയിലെത്തിക്കാൻ ഇച്ഛാശക്തി എന്നൊന്നുണ്ടായിരുന്നുവെങ്കിൽ സാമാന്യബുദ്ധിയുടെ പിൻബലംകൊണ്ട് ആവിഷ്കരിക്കുന്ന പദ്ധതികൾ തന്നെ ധാരാളം മതിയാകുമായിരുന്നു. 1970കളിലാരംഭിച്ച് 'ഇന്നും' പൂർത്തീകരിക്കപ്പെടാതെ അനിശ്ചിതമായി നീണ്ടുപോകുന്ന രണ്ട്

(ശേഷം 28-ൽ)



# മുത്തങ്ങയിൽ സംഭവിച്ചത്

അഡ്വ. മഞ്ചേരി സുന്ദർരാജ്

പിറന്ന മണ്ണിനും വിണ്ണിനും വെള്ളത്തിനും വായുവിനുമായുള്ള ആദിവാസിയുടെ പോരാട്ടത്തിന്റെ ചരിത്രം 'മുത്തങ്ങ' സംഭവത്തോടെ അന്താരാഷ്ട്ര തലത്തിലേക്കെത്തിയിരിക്കുന്നു. ആദിവാസി ഭൂപ്രശ്ന പരിഹാരത്തിൽ മേലാളർ അടിയാളർക്കെതിരെ കാലാകാലം കൈക്കൊണ്ടുവന്നിട്ടുള്ള വഞ്ചനയുടെ ചരിത്രം തന്നെയാണ് മുത്തങ്ങയിലും സംഭവിച്ചത്.

'കരിന്തണ്ടൻ' മുതൽ 'സി.കെ. ജാനു'വരെയുള്ളവർ മേലാളരുടെ വഞ്ചനയ്ക്കിരയായിരിക്കുന്നു. (സായ്‌വിന്റെ വെടിയുണ്ടയേറ്റു മരിച്ച വഴികാട്ടിയാണ് കരിന്തണ്ടൻ).

സമൂഹത്തിലെ നിയമവും നീതിയും തങ്ങൾക്കനുകൂലമാകുമെന്ന കാത്തിരിപ്പിൽ തന്നെയാണ്ആദിവാസികൾ എന്നും.

എന്നാൽ അവർക്കെതിരെ മുന്നേറുക, ആക്രമിക്കുക, കീഴടക്കുക, നശിപ്പിക്കുക എന്ന ആര്യാവർത്ത-ഋഗ്വേദ നയമാണ് ഭരണാധിപർ കൈക്കൊണ്ടുവന്നത്.

1975ലെ ആദിവാസി ഭൂനിയമം ആദിവാസികൾക്കെതിരെയുള്ള അക്രമവും കയ്യേറ്റങ്ങളും തടയാനായിരുന്നെങ്കിൽ 1996ലെ നിയമം അവകളെ നിയമവശമാക്കി ന്യായീകരിക്കാനുള്ള സാഹചര്യമാണുണ്ടാക്കുന്നത്.

കേരളത്തിൽ നിന്ന് കർണ്ണാടകയിലേക്ക് യാത്രപോവുന്ന ദേശീയ പാതയിൽ ബത്തേരിക്കും കർണ്ണാടക-തമിഴ്നാട് അതിർത്തിയോടു ചേർന്നുനിൽക്കുന്ന പ്രദേശമാണ് മുത്തങ്ങ.

നിബിഡവനങ്ങളും കുന്നുകളും പുൽമേടുകളും നീർച്ചാലുകളും ഭൂമിശാസ്ത്രപരമായി സവിശേഷതയുള്ള പ്രദേശമായ വയനാട്ടിലെ ഒരു വന്യമൃഗസംരക്ഷണ കേന്ദ്രമാണ് മുത്തങ്ങ. അതിലെ കടന്നുപോകുന്നവർക്ക് ഇന്ന് മുത്തങ്ങയുടെ തേങ്ങൽ കേൾക്കാം. കടുത്ത വഞ്ചനയ്ക്കിരയായവരുടെ കേഴൽ.

മുത്തങ്ങയിൽ ദേശീയപാതയ്ക്ക് തൊട്ടടുത്തായി 'തകരപ്പാടി' മുതൽക്കങ്ങോട്ടുള്ള പ്രദേശത്ത് കഴിഞ്ഞ ജനവരി മൂന്നിന് പ്രവേശിച്ച്, ഈ ഭൂമി ഞങ്ങളുടെതെന്ന് അവകാശമുറപ്പിച്ച 'ആദിവാസി ഗോത്ര മഹാസഭ'യിൽ പെട്ട രണ്ടായിരത്തോളം ആദിവാസികൾ അവിടെ കുടിപാർത്തുവരികയായിരുന്നു- അവരുടെ നേതാവായ സി.കെ. ജാനുവിന് മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി നൽകിയ വാഗ്ദാനം പിന്നീടു ലംഘിക്കപ്പെട്ടപ്പോഴാണ് ഇവർ ഈ സമരമുറയ്ക്ക് മുതിർന്നത്. അന്നുമുതൽക്കിങ്ങോട്ട് ഒരു 'ആദിവാസി' കൂട്ടായ്മയ്ക്ക് ഈ പ്രദേശത്ത് അവർ ബീജാവാപം ചെയ്തുവരികയായിരുന്നു. എഴുനൂറോളം കുടിലുകൾ (ഈറയും മുളയും കൊണ്ടുണ്ടാക്കിയവ) നിർമ്മിക്കപ്പെട്ടു. പ്രവേശന കവാടവും കാവലും ഉണ്ടായി. തികച്ചും സ്വന്തമായ ഒരു കുടിയിരുപ്പിലേക്ക് ആദിവാസികൾ അവരുടെ 'ഊര്'രൂപപ്പെടുത്തി വരികയായിരുന്നു. നാളുകൾ പിന്നിട്ടെങ്കിലും, ഇത് അനധികൃത കയ്യേറ്റമെന്ന് സർക്കാരും, സ്വന്തം ഭൂമിയിലേക്കുള്ള പുനഃപ്രവേശം എന്ന് ആദിവാസിഗോത്രസഭയും വിശേഷിപ്പിക്കുന്ന ഈ നടപടിക്കെതിരെ നിയമപരമായ യാതൊരു നടപടിയും ഗവണ്മെന്റ് കൈക്കൊണ്ടില്ല. ഇവർക്ക് കുടിയൊഴിഞ്ഞുപോവാനുള്ള നോട്ടീസ് നൽകി. ഭൂമി കയ്യേറ്റത്തിന് അവരിൽ നിന്ന് വിശദീകരണമാവശ്യപ്പെടുകയോ ഉണ്ടായില്ല. പകരം ഈ പ്രദേശത്ത് തീയിട്ടു സമരക്കാരെ തുരത്താനുള്ള ഗൂഢാലോചനയാണുണ്ടായത്. വനം വകുപ്പുദ്യോഗസ്ഥർതന്നെയോ, അവരോടൊപ്പം ഈ പ്രദേശത്തെ സ്വകാര്യ സ്വത്താക്കി നിർബാധം മരംകൊള്ളയും മൃഗവേട്ടയും മദ്യസേവയും നടത്തി വന്നിരുന്ന മാഫിയ

## ആദിവാസികളുടെ ന്യായമായ അവകാശം നിയമവിധേയമായ മാർഗങ്ങളിലൂടെ നേടാൻ സാധ്യമല്ലെന്ന അവസ്ഥ വരുത്തിത്തീർത്തത് സർക്കാർ നിലപാടുതന്നെയാണ്. അതിന് ആദിവാസികളെയോ, ജാനുവിന്റെ നേതൃത്വത്തിലുള്ള ഗോത്രമഹാസഭയെയോ പഴിച്ചിട്ട് കാര്യമില്ല -ചില സംഘടനാ പ്രതിനിധികളോടൊപ്പം മുത്തങ്ങ സന്ദർശിച്ച ലേഖകന്റെ വിലയിരുത്തൽ

വൃന്ദങ്ങളുമായി ചേർന്നോ ഇവിടെയുണ്ടാക്കിയ വൻതീപ്പിടുത്തത്തിൽ എൺപതോളം കുടിൽ കത്തി. വനംവകുപ്പു നിയോഗിച്ചവരുൾപ്പെടെ 18 പേർ തടവിലുമായി. ആദിവാസികൾക്കു മേൽ കുതിച്ചുചാടാൻ വെമ്പുന്ന ശക്തികൾക്ക് ഇതൊരു വഴിമരുന്നായി. പിറ്റേന്നുതന്നെ ഈ ബന്ദികളെ മുഴുവൻ ജില്ലാ കലക്ടർക്ക് കൈമാറി. എന്നിട്ടും പോലീസ് സംഘത്തെക്കൊണ്ട് ഒരു തുറന്ന പോരാട്ടത്തിന് ഗൂഢാലോചന ഒരുങ്ങുകയായിരുന്നു അണിയറയിൽ.

പക്ഷേ, പാവം ആദിവാസികൾ, അവരുടെ നേതാവിനോടൊപ്പം നൃത്തം ചെയ്യുകയും സഹായം വാഗ്ദാനം നടത്തുകയും ചെയ്ത ശ്രീ ആന്റണിയിൽ നിന്നോ, അദ്ദേഹത്തിന്റെ പോലീസിൽ നിന്നോ ഇത്തരത്തിലുള്ള ഒരു നീക്കം പ്രതീക്ഷിച്ചതേയില്ല. ഫിബ്രുവരി 19ന് ആദിവാസി ഗോത്രസഭയുടെ കവാടം ഭേദിച്ചു പോലീസ് വ്യൂഹം മുന്നേറുമ്പോഴും ആദ്യഘട്ടം സെറ്റിൽമെന്റിൽ വാസമുറപ്പിച്ചിരുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള ആദിവാസികൾ അതിനെ ഗൗനിക്കാതെ സ്വന്തം കൃത്യങ്ങളിൽ മുഴുകിയിരിക്കുകയായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറയുന്നു.

ഇനിയൊരല്പം ചരിത്രം. 1812 മാർച്ച് 22. ഈസ്റ്റിന്ത്യാ കമ്പനിയുടെ തുരത്തൽ നയങ്ങൾക്കെതിരെ ഒരുകൂട്ടം ആദിവാസികൾ ആദ്യമായി സംഘടിച്ച ദിനം അതായിരുന്നു. മാനന്തവാടിക്കടുത്ത നല്ലൂർ നാട്ടിൽ ഒരുപറ്റം കുറിച്യരും കുറുമരും പരസ്യമായി തന്നെ സമ്മേളിച്ചു. യോഗം പിരിച്ചുവിടാൻ, കമ്പനി തദ്ദേശികളായ 'നാടൻ പോലീസി'നെ തന്നെയാണ് (കോൽക്കാരന്മാർ) നിയോഗിച്ചത്. കോൽക്കാർ തോക്കുകളും ആദിവാസികൾ അമ്പും വില്ലും പ്രയോഗിച്ച് നടത്തിയ സംഘട്ടനത്തിൽ പലർക്കും പരിക്കേറ്റു. ഈസ്റ്റിന്ത്യാ കമ്പനിക്ക് വിശ്രമരഹിതമായ കുറെ ദിനങ്ങളും ആൾനാശവും നാണക്കേടും പ്രദാനം ചെയ്ത ഈ സംഭവത്തിന്റെ തുടർച്ചയാണ് 2003 ഫിബ്രുവരി 19ന് മുത്തങ്ങയിലും ആവർത്തിക്കപ്പെട്ടത്.

1812ൽ സായുധ സമരത്തിന്റെ പാതയിലേക്കിറങ്ങിയ ആദിവാസികളെ തളയ്ക്കാൻ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ നാടൻ കൂട്ടാളികൾക്ക് കഴിയാതെ വന്നപ്പോൾ മൈസൂരിൽ നിന്ന് വിളിച്ചുകൊണ്ടുവന്ന ജനറൽ ജ



മർദനമേറ്റ് ആശുപത്രിയിലായ ആദിവാസികൾ

ഫോട്ടോ: പ്രദീപ് ഉലവണ്ണ

യിംസ് വെൽഷിൻെറ നേതൃത്വത്തിലുള്ള കർണാടക പട്ടാളം കയ്യിൽ കിട്ടിയവരെ കശാപ്പുചെയ്യും അവശേഷിച്ചവരെ കണ്ണവം കാട്ടിലേക്ക് പായിച്ചും കലാപത്തിൻെറ നട്ടെല്ലൊടിച്ചു.

സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യയിൽ ഉയർന്നുവന്ന രാഷ്ട്രീയ നേതൃത്വം വനങ്ങളുടെമേൽ ആദിവാസികൾക്കുള്ള അവകാശം തത്ത്വത്തിൽ അംഗീകരിക്കയുണ്ടായി. എന്നാലും നിയമത്തിൽ വലിയ മാറ്റം ഉണ്ടാക്കാത്തതിനാൽ, ഇംഗ്ലീഷുകാരൻെറ വനനയം തന്നെയാണ് സ്വതന്ത്ര ഭാരതത്തിലെ ഭരണകൂടവും പിന്തുടർന്നത്. ആദിവാസികളെക്കൊണ്ടു അടിമപ്പണിയെടുപ്പിച്ചു. അവർ ഉല്പാദിപ്പിക്കുകയും ശേഖരിക്കുകയും ചെയ്യുന്ന വനോല്പന്നങ്ങൾ അധികാരം പ്രയോഗിച്ച് അപഹരിക്കാൻ വനം വകുപ്പിനും വനപാലകർക്കും അവസരം നൽകി. ആദിവാസി ഭൂമികളിലേക്ക് സർക്കാർ ഒത്താശയോടെ തന്നെ വിപുലമായ കയ്യേറ്റങ്ങളും നടന്നു. കയ്യേറ്റക്കാർക്ക് പട്ടയം നല്കുകയും ചെയ്തു. ആദിവാസികൾക്ക് അവരുടെ ജന്മസിദ്ധമായ പ്രകൃതിയും ഭൂമിയും സംസ്കാരവും നിഷേധിക്കപ്പെട്ടു. വയനാട്ടിലാകട്ടെ ഏതാണ്ട് മുക്കാൽ നൂറ്റാണ്ടു മുൻപ് ആരംഭിച്ച വമ്പിച്ച രീതിതോതിലുള്ള കുടിയേറ്റമാണ് കേരളത്തിലെ ആദിവാസികളെ അവരുടെ ഭൂമിയിൽ നിന്ന് തുരത്തിഓടിച്ചത്. ഈ പാവം ആദിവാസികൾ വലുതും ചെറുതുമായ ഭൂപ്രഭുക്കന്മാരുടെ ചൊൽപടിക്ക് വഴങ്ങി ജീവച്ഛവങ്ങളായി മാറി. എല്ലാം നിഷേധിക്കപ്പെട്ട ഈ വർഗത്തെ പ്രത്യേക ദിവസങ്ങളിൽ പ്രദർശനവസ്തുക്കളാക്കാൻ ഭരണാധികാരികൾ തുനിഞ്ഞു. തിരഞ്ഞെടുപ്പു ദിവസങ്ങളിൽ യാന്ത്രികമായി വോട്ടവകാശം വിനിയോഗിക്കുന്ന പാവകളാക്കാൻ സംഘടിത രാഷ്ട്രീയ പാർട്ടികളും തയ്യാറായി.

വയനാട്ടിൽ അതിന്നിടെ വളർന്ന 'നക്സൽ' മാതൃകാ പ്രസ്ഥാനങ്ങൾ വന്നതോടെയാണ് ആദിവാസികൾക്ക് ശബ്ദം കിട്ടിയത്. അവരുടെ പ്രശ്നങ്ങൾ അടുത്തറിഞ്ഞവർ അവരുടെ മിത്രങ്ങളായി. എന്നാൽ നക്സൽ പ്രസ്ഥാനവും പ്രവർത്തനവും സായുധ പോലീസ് വഴിതന്നെ അടിച്ചമർത്തപ്പെട്ടപ്പോൾ ആദിവാസിപ്രശ്നം വീണ്ടും ഇരുട്ടിലായി. കായികശേഷി ഉപയോഗിച്ചും കള്ളപ്രമാണങ്ങൾ ചമച്ചും ആണ് ആദിവാസികളുടെ ഭൂമികൾ അവർകവർന്നെടുത്തത്. 1978ൽ കേരളസർക്കാർ നടത്തിയ സർവെയിൽ 1966നും 76നും മധ്യേയുള്ള പത്തു വർഷങ്ങളിൽ 3546 ആദിവാസി കുടുംബങ്ങളുടെ 9859 ഏക്ര ഭൂമിയാണ് അന്യാധീനപ്പെട്ടതായി കണക്കാക്കപ്പെട്ടത്. അതിൽ 92.1 ശതമാനവും ആദിവാസികളിൽ നിന്ന് ആദിവാസികൾ അല്ലാത്തവർ നേടിയ കൈമാറ്റങ്ങളായിരുന്നു. 1975ൽ കേരള പട്ടികവർഗക്കാർ (ഭൂമി കൈമാറൽ നിയന്ത്രണവും അന്യാധീനപ്പെടുത്തിയ ഭൂമി തിരിച്ചു കൊടുക്കലും) നിയമം (1975ലെ 31 നമ്പർ ആക്ട്) മുഖ്യമന്ത്രിയായിരുന്ന സി. അച്യുതമേനോൻെറ ഭരണകാലത്ത് നിലവിൽ വന്നെങ്കിലും പ്രയോഗിക്കപ്പെടാതെ സർക്കാർ ഷെൽഫുകളിൽ പൊടിപിടിച്ചിരിക്കയാണുണ്ടായത്. 1987ൽ ഇ.കെ. നായനാരുടെ കാലത്ത് ഇത് പ്രയോഗത്തിൽ കൊണ്ടുവരാൻ ശ്രമം ഉണ്ടായെങ്കിലും നടന്നില്ല. ഈ പശ്ചാത്തലത്തിലാണ് 1988ൽ ഡോ. നല്ലതമ്പി കേരള ഹൈക്കോടതിയെ സമീപിച്ച് റിട്ട് ഹരജിയിലൂടെ 1975ലെ നിയമം നടപ്പിലാക്കാൻ സർക്കാറിനോട് കല്പിക്കുന്ന വിധി സമ്പാദിച്ചത്. 1993ൽ നിലവിൽ വന്ന ശ്രീ കെ. കരുണാകരൻ സർക്കാർ നിലവിലുള്ള അപേക്ഷകളിൽ മുഴുവൻ തീർപ്പു കല്പിക്കുകയും നിയമം പൂർണമായി നടപ്പാക്കുകയും ചെയ്യുമെന്ന് കോടതിയിൽ ബോധിപ്പിച്ചു. അത് കാര്യങ്ങൾ കൂടുതൽ മന്ദഗതിയിലാക്കാനുള്ള ഉദ്ദേശ്യത്തോടെയായിരുന്നുവെന്നു മാത്രം. 1995-ൽ ശ്രീ എ.കെ. ആൻറണി മുഖ്യമന്ത്രിയായപ്പോൾ ആദിവാസി ഭൂനിയമം ഭേദഗതി ചെയ്യാനുള്ള ശ്രമമാണ് തുടങ്ങിയത്. കൈയേറ്റങ്ങളെ നിയമവൽക്കരിച്ച് ആദിവാസികൾക്ക് വല്ലതും നല്കി പ്രശ്നം പരിഹരിക്കാനുള്ള സംവിധാനമുള്ള ഈ നിയമം പക്ഷേ, ഭരണഘടനാവിരുദ്ധമെന്ന് പറഞ്ഞ് കേരള ഗവർണർ തിരിച്ചയച്ചു.



ഫോട്ടോ: പ്രദീപ് ഒളവണ്ണ

പോലീസ്മർദനമേറ്റ ആദിവാസി കാളൻ



മനുഷ്യാവകാശ പ്രവർത്തകർ മുത്തങ്ങ സന്ദർശിച്ചപ്പോൾ

ഫോട്ടോ: പ്രദീപ് ഒളവണ്ണ

1996ലെ പുതിയ നിയമം ആദിവാസി ഭൂമികളിൽ കൈയേറ്റക്കാർക്ക് അവകാശം ഉറപ്പിക്കാനും ആദിവാസികൾക്ക് ഒഴിഞ്ഞുപോവാൻ ഭൂമിയും പണവും വാഗ്ദാനം ചെയ്യാനും മാത്രമാണ് വ്യവസ്ഥയുള്ളത്. ആദിവാസി മേഖലകളിൽ വൻതോതിലുള്ള കൈയേറ്റങ്ങൾക്ക് സന്ദർഭം ഉണ്ടാക്കി ആദിവാസികളുടെ വംശനാശത്തിനുതന്നെ വഴിയൊരുക്കുന്നതാണീ പുതിയ നിയമം. ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ നിയോഗിച്ചതനുസരിച്ച്, കെ. പാനൂർ, ഡോ. മാധവമേനോൻ, ഡോ. വി. വേണുഗോപാൽ, ഈ ലേഖകൻ എന്നിവർ ചേർന്ന ഒരു കമ്മിറ്റി ഇരു നിയമങ്ങളും പരിശോധിച്ച് കേരള സർക്കാറിന് നിർദേശങ്ങൾ നല്കുകയുണ്ടായി. സർക്കാറിൻെറ ധാർമിക ബാധ്യതയെപ്പറ്റി കമ്മിറ്റി ബോധ്യപ്പെടുത്തിയിട്ടും അതിന് ഫലമുണ്ടായില്ല. തുടർന്ന് ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ തന്നെ 1975ലെ നിയമം ഉചിത ഭേദഗതികളോടെ നടപ്പാക്കുവാനും 1996ലെ ആദിവാസി വിരുദ്ധ നിയമം ഉപേക്ഷിക്കുവാനും ആവശ്യപ്പെടുകയുമുണ്ടായി. 'ഭൂമി' എന്നത് കൃഷിഭൂമിയും അല്ലാതെയുമായി ആദിവാസികൾ ഉപയോഗിച്ചിരുന്ന ഭൂമിയെന്നും അഞ്ചേക്രയിൽ കൂടുതൽ ആദിവാസിഭൂമി കൈയിലുള്ള കൈയേറ്റക്കാരിൽ നിന്ന് അധികമുള്ള ഭൂമി ആദിവാസികൾക്ക് തിരിച്ചു നല്കണമെന്നും സമയബന്ധിതമായി നിയമം നടപ്പാക്കണമെന്നുമാണ് നിർദേശിക്കപ്പെട്ട ഭേദഗതികൾ.

നിയമവും ഭേദഗതി നിർദേശവും ഒക്കെയുണ്ടായിട്ടും ആദിവാസികളെ തുരത്തുക എന്ന പ്രാകൃതനിയമം നടപ്പാക്കാനാണ് സർക്കാർ ശ്രമിച്ചത്.



അറസ്റ്റിലായ ആദിവാസി സ്ത്രീകളും കുട്ടികളും

ഫോട്ടോ: കെ.കെ. സന്തോഷ്

സർക്കാറിൻെറ ഈ നയമാണ് ആദിവാസികളെ സംഘടിക്കാനും പ്രതിരോധിക്കാനും പ്രേരിപ്പിച്ച ഘടകം. അവരുടെ ന്യായമായ അവകാശം നിയമവിധേയമായ മാർഗങ്ങളിലൂടെ നേടാൻ സാധ്യമല്ലെന്ന അവസ്ഥ വരുത്തിത്തീർത്തത് സർക്കാർ നിലപാടു തന്നെയാണ്. അതിന് ആദിവാസികളെയോ ജാനുവിൻെറ നേതൃത്വത്തിലുള്ള ഗോത്രമഹാസഭയേയോ പഴിച്ചിട്ട് കാര്യമില്ല. അക്രമത്തിൻേറതല്ലാത്ത ഒരു മാർഗമാണ് ഇരുകൂട്ടരും പിന്തുടരേണ്ടത്. അതിനിനിയും സമയം വൈകിയിട്ടില്ല. സമൂഹത്തിലെ സംഘടിത രാഷ്ട്രീയകക്ഷികൾ ഈ പ്രശ്നത്തിൽ മുഖംതിരിച്ചുനിൽക്കയും പ്രതിലോമശക്തികളായി മാറുകയും ചെയ്യുന്ന സാഹചര്യത്തിൽ സന്നദ്ധ, സാമൂഹ്യ, സാംസ്കാരിക പ്രവർത്തകർ ആദിവാസികൾക്ക് ഭൂമി തിരിച്ചുകിട്ടാനുള്ള സംഘടിത ശ്രമം നടത്തേണ്ടതാണ്. കാരണം ന്യായം അവരുടെ ഭാഗത്താണ്. ഭൂമി അവർക്കുള്ളതാണ്. അത് അവർക്കുതന്നെ തിരിച്ചുകൊടുത്ത്, സമാധാനം പുനഃസ്ഥാപിക്കേണ്ടിയിരിക്കുന്നു. നിയമം പോലും അതിന് തടസ്സമായിക്കൂടാ. പരിസ്ഥിതിയുടെയോ തീവ്രവാദത്തിൻെറയോ മറപറ്റി പ്രശ്നത്തെ വഴിതെറ്റിക്കാൻശ്രമിക്കുന്നതും വിവേകരഹിതമാണ്. സഹജീവിസ്നേഹത്തിൻെറയും സാംസ്കാരിക പുനഃസ്ഥാപനത്തിൻെറയും മനോഭാവമാണ് വേണ്ടത്.

ഇക്കാര്യത്തിൽ 1985 മഹാരാഷ്ട്ര പട്ടികവർഗ ഭൂമി കേസിൽ സുപ്രീം കോടതി പുറപ്പെടുവിച്ച വിധി ശ്രദ്ധേയമാണ്. ''ഭരണഘടനയുടെ വ്യവസ്ഥ അനുസരിച്ച് പട്ടികവർഗം ചൂഷണത്തിന്നെതിരായ പ്രത്യേക സംരക്ഷണം ആവശ്യമുള്ള വിഭാഗമാണ്. പട്ടികവർഗത്തിന് പ്രത്യേകമായ അസ്തിത്വവും സംസ്കാരവും ജീവിതരീതികളും കാത്തുസൂക്ഷിക്കേണ്ടതുണ്ട്. കൃഷിയുമായും ഭൂമിയുടെ ഉടമസ്ഥതയുമായും, ഇത് വളരെയേറെ ബന്ധപ്പെട്ടിരിക്കുന്നു. ഇവരുടെ ഭൂമിമേലുള്ള കയ്യേറ്റം നിരോധിക്കേണ്ടത് ആവശ്യമാണ്. അതിന്നായി നിയമം പാസ്സാക്കുന്നത് ഭരണഘടനയുടെ 46-ാം അനുച്ഛേദത്തിന് വിധേയമായ നയത്തിൻെറ ഭാഗമായാണ്''-ജസ്റ്റിസ് ചിന്നപ്പ റെഡ്ഡി, എ.പി.സെൻ, ഇ.എസ്. വെങ്കിടരാമയ്യ എന്നിവരടങ്ങുന്ന ബഞ്ചാണ് ഈ വിധി പുറപ്പെടുവിച്ചത്. ഏട്ടിലെ പശുവല്ല പാൽചുരത്തുന്ന സാക്ഷാൽ പശുവിനെയാണ് ആദിവാസികൾക്കാവശ്യം. അതായത് നീതിയാണ് അവർക്ക് വേണ്ടത്, വാഗ്ദാനങ്ങളല്ല.

മുത്തങ്ങയിൽ എന്താണ് സത്യത്തിൽ നടന്നതെന്ന് നേരിട്ടറിയാൻ ജസ്റ്റിസ് വി.ആർ.കൃഷ്ണയ്യർ നിയോഗിച്ച ഈ ലേഖകൻെറ നേതൃത്വത്തിലുള്ള ജനകീയ കമ്മീഷൻെറ കണ്ടെത്തലുകളും നിർദേശങ്ങളും അനുബന്ധമായി ചേർക്കുന്നു.

19-2-03ന് വയനാട്ടിലെ മുത്തങ്ങയിൽ നടന്ന ആദിവാസികൾക്കുനേർക്കുള്ള പോലീസ് വെടിവെപ്പിനെക്കുറിച്ചും ഒരു പോലീസുകാരൻ ഉൾപ്പെടെ കുറേ പേർ മരിക്കാനിടയായ സാഹചര്യത്തെക്കുറിച്ചും അന്വേഷിക്കുന്നതിനുവേണ്ടി ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യർ രൂപവൽകരിക്കുന്ന പീപ്പിൾസ് ജുഡീഷ്യൽ കമ്മീ

(ശേഷം 54-ൽ)

# മുത്തങ്ങയിൽ സംഭവിച്ചത്

(17-ൽ നിന്ന് തുടർച്ച)

ഷൻെറ മുന്നോടിയായി ജനകീയ പ്രതിരോധ സമിതി
ഉൾപ്പെടെയുള്ള സംഘടനകളെ പ്രതിനിധീകരിച്ച്
സംഭവസ്ഥലം സന്ദർശിച്ച ഞങ്ങൾ താഴെ പറയുന്ന
പ്രാഥമികനിഗമനങ്ങളും ആവശ്യങ്ങളും ഗവൺ
മെൻറിൻെറയും പൗരസമൂഹത്തിൻെറയും അടിയന്തര
പരിഗണനയ്ക്കായി സമർപ്പിക്കുന്നു.

1. 18 ചുറ്റ് വെടിവെച്ചുവെന്ന് ഔദ്യോഗികമായി
സ്ഥിരീകരിക്കപ്പെട്ട സംഭവത്തിൽ വളരെക്കുറച്ചു പേർ
മാത്രമേ വെടിയേറ്റ പരിക്കുകളോടെ ആശുപത്രിയിലു
ള്ളൂ. വെടിയേറ്റ അനേകം പേർ കാട്ടിൽ ഒറ്റപ്പെട്ടു പോയി
ട്ടുണ്ടാവാം എന്ന് ന്യായമായും ഊഹിക്കാവുന്നതാണ്.
ഭക്ഷണ, ചികിത്സാ സൗകര്യങ്ങളില്ലായ്മയും വന്യജീ
വികളിൽ നിന്നുള്ള ഭീഷണിയും നിമിത്തം ഇവരിലെ
ത്രപേർ ജീവിച്ചിരിപ്പുണ്ടെന്നറിയില്ല. പ്രാദേശിക ജ
നങ്ങളുടെയും ജനപ്രതിനിധികളുടെയും പൗരാവകാ
ശപ്രവർത്തകരുടെയും പങ്കാളിത്തത്തോടെ വനപ്രദേശ
ങ്ങളിൽ വ്യാപകമായ തിരച്ചിൽ നടത്തി പരിക്കേറ്റവർ
ക്ക് അടിയന്തര വൈദ്യസഹായം ലഭ്യമാക്കണം.

2. മുത്തങ്ങ മേഖലയിൽ കുടിൽകെട്ടി താമസിച്ച മുഴു
വനാളുകളെയും കുറിച്ചുള്ള രേഖകൾ
പോലീസിൻെറ പക്കലുണ്ട്. ഇവർ വന്ന
ആദിവാസി ഊരുകളിൽ ഇവർ തിരിച്ചെ
ത്തിയിട്ടുണ്ടോ എന്നന്വേഷിച്ച് കാണാത്ത
വരെ കണ്ടെത്താനുള്ള ഉത്തരവാദിത്തം സർ
ക്കാരിനുണ്ട്.




3. ആദിവാസി ഊരുകളിൽ ഭീകരാവസ്ഥ
സൃഷ്ടിക്കുന്നത് അവസാനിപ്പിക്കണം.
പോലീസ് മർദ്ദനം അവസാനിപ്പിക്കണം.
മുത്തങ്ങ മേഖലയിലെ അമിതമായ പോ
ലീസ് സന്നാഹത്തെ പിൻവലിക്കുകയും
വേണം.

4. ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെ
ട്ടവർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്ക
ണം. ആശുപത്രിയിലെ വൻ പോലീസ്
സന്നാഹങ്ങൾ പോലീസ് അതിക്രമത്തി
നിരയായ സ്ത്രീകളും കുട്ടികളുമടങ്ങി
യവരെ ഭീതിതരാക്കുന്നുണ്ട്. അതിനാൽ
ആശുപത്രിയിലെ പോലീസ് സാന്നി
ദ്ധ്യം പരിമിതപ്പെടുത്തണം.

5. നിയമവിരുദ്ധമായി ആളുകളെ കസ്റ്റഡിയിൽവെക്കു
കയും മർദ്ദിക്കുകയും ചെയ്യുന്നത് അവസാനിപ്പിക്ക
ണം.

6. 19-2-03ന് വൈകുന്നേരം 5.25ന് വെടിവെപ്പു
നടന്ന കുടിൽ പിന്നീട് പോലീസ് തീവെച്ചുനശിപ്പി
ക്കുകയാണ് ചെയ്തത്. ഇത് ആസൂത്രിതമായ തെ
ളിവുനശിപ്പിക്കൽ ശ്രമമായി ഞങ്ങൾ കരുതുന്നു.

7. അമ്പുകുത്തി, പൊൻകുഴി, തകരപ്പാടി പ്രദേശങ്ങ
ളിലായി താമസമുണ്ടായിരുന്ന 1100-ഓളം കുടുംബ
ങ്ങളുടെ സർവ ജീവനോപാധികളും നശിപ്പിക്കപ്പെട്ടി
രിക്കുന്നു. വസ്തുവകകൾ നഷ്ടപ്പെട്ടവർക്ക് അടിയ
ന്തര ധനസഹായം അനുവദിക്കണം.

8. പോലീസ് കൈക്കലാക്കിയ രേഖകളിലുണ്ടായി
രുന്ന ആദിവാസികളുടെ പേരുവിവരങ്ങൾ മാധ്യമപ്ര
വർത്തകർക്കും പൗരാവകാശപ്രവർത്തകർക്കും കൈമാ
റണം.

9. പോലീസ് അതിക്രമത്തിനിരയായി ചികിത്സയിൽ
കഴിയുന്നവരെയും ആദിവാസികളെ പൊതുവെയും
അവഹേളിക്കാനും ആക്രമിക്കാനും ശ്രമിക്കുന്ന ഒരു
ചെറുന്യൂനപക്ഷത്തെ ഞങ്ങൾ കാണുകയുണ്ടായി. ഈ
രീതി പൗരബോധത്തിനും ജനാധിപത്യമര്യാദകൾക്കും
കളങ്കം ചാർത്തുന്നതാണ്.

10. താഴെ പറയുന്ന കാരണങ്ങളാൽ 19-2-03ൻെറ പോ
ലീസ് വെടിവെപ്പിന് യാതൊരു നീതീകരണവുമി
ല്ലെന്നു ഞങ്ങൾ കരുതുന്നു.

1. 18-2-03ന് പിടികൂടിയ ഫോറസ്റ്റ് ജീവനക്കാരെ മാ
ന്യമായ രീതിയിൽ കലക്ടർക്ക് കൈമാറിയിട്ടുണ്ട്.

2. 19-2-03ന് രാവിലെ നടന്ന പോലീസ് നടപടിക്കി
ടയിൽ പരിക്കുപറ്റിയ പോലീസുകാരനെ മധ്യസ്ഥയി
ടപെടൽ കൂടാതെത്തന്നെ ചികിത്സയ്ക്കായി ഗോത്രസഭ
പോലീസിന് കൈമാറിയിരുന്നു.

3. രണ്ടാമത് പിടികൂടിയ പോലീസ് ഉദ്യോഗസ്ഥ
നെയും വെടിയേറ്റ ആദിവാസികളെയും ചികിത്സിക്കാ
നായി ഡോക്ടർമാരെ അയച്ചുതരണമെന്നാവശ്യപ്പെട്ട്
ഗോത്രസഭാ നേതാക്കൾ പോലീസിനെ സമീപിച്ചിരു
ന്നു.

4. 12 മണി മുതൽ വൈകുന്നേരം 5.10 വരെ ആദിവാസി
കുടിലിലുണ്ടായിരുന്ന പോലീസ്-ഫോറസ്റ്റ് ഉദ്യോഗ
സ്ഥരെ കാണുന്നതിന് പത്രപ്രവർത്തകർക്ക് സൗകര്യം
ലഭിച്ചിരുന്നു. ആദിവാസികളുടെ വികാരപരമായ സ
മീപനത്തിലുണ്ടായ നിസ്സാരപരിക്കല്ലാതെ വൈകുന്നേ
രം വരെ മാരകമായ പരിക്കൊന്നും അവർ
ക്കുണ്ടായിരുന്നില്ലെന്ന് മാധ്യമപ്രവർത്ത
കർ സ്ഥിരീകരിച്ചിട്ടുണ്ട്.

5. പോലീസ്-ഫോറസ്റ്റ് ഉദ്യോഗസ്ഥരെ
വിട്ടയയ്ക്കുന്നതിന് മാധ്യമപ്രവർത്തകരെ
മധ്യസ്ഥരാക്കാൻ ശ്രമിച്ചപ്പോൾ ആ പ്രദേ
ശത്തുനിന്ന് പോലീസ് പിൻമാറുമെന്ന്
ഉറപ്പുനൽകാഞ്ഞതിനാൽ മാധ്യമപ്രവർ
ത്തകർ ദൗത്യമേറ്റെടുക്കാൻ വിസമ്മതിക്കു
കയായിരുന്നു.

6. 12 മണിമുതൽ 5 മണിവരെ ആദിവാസി
കളെ വെടിവെക്കാനുള്ള ചർച്ചകളിൽ മുഴു
കിയ ഉന്നത പോലീസുദ്യോഗസ്ഥരും ഭര
ണനേതൃത്വവും പ്രശ്നം രമ്യമായി പരിഹരി
ക്കാനുള്ള മധ്യസ്ഥശ്രമത്തിന് മുൻകൈ
യെടുത്തില്ല.

7. അവശരായ ആദിവാസികൾ വൈകു
ന്നേരത്തോടെ കീഴടങ്ങാനുള്ള തീരുമാ
നത്തിലെത്തിയ ശേഷമാണ് ഒരു മുന്നറി
യിപ്പുമില്ലാതെ പോലീസ് വെടിവെപ്പ് ആരംഭിക്കുന്ന
ത്. കുടിലിലുണ്ടായിരുന്ന പോലീസ്-ഫോറസ്റ്റ് ഉ
ദ്യോഗസ്ഥരുടെ ജീവൻ അപകടപ്പെടുത്തുന്ന നടപടി
യായിരുന്നു ഇത്.

45 ദിവസത്തോളം പ്രശ്നപരിഹാരത്തിന് ഒരു ശ്രമ
വും നടത്താതെ വളരെ ഹീനമായ ഒരതിക്രമത്തിലൂടെ
ആദിവാസികളെ നേരിടാനുള്ള ശ്രമമാണ് നിരവധി
പേരുടെ ജീവൻ നഷ്ടപ്പെടുത്തുന്ന ഗുരുതരമായ അ
വസ്ഥ സൃഷ്ടിച്ചത്. സംഭവങ്ങളുടെ നിജസ്ഥിതി മ
നസ്സിലാക്കാൻ മുഖ്യമന്ത്രി തയ്യാറാകണമെന്നും സംഭവ
ത്തിനുത്തരവാദികളായവരെ നിയമത്തിൻെറ മുന്നിൽ
കൊണ്ടുവരണമെന്നും സമഗ്രമായ അന്വേഷണം നടത്ത
ണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നു.

**അഡ്വ: മഞ്ചേരി സുന്ദർരാജ്, അഡ്വ: പി.എ. പൗരൻ,**
**എൻ. സുബ്രഹ്മണ്യൻ, കെ. പാനൂർ,**
**അഡ്വ: അനിലാ ജോർജ്ജ്, വി.കെ. സദാനന്ദൻ,**
**എം. ദിവാകരൻ, ബോസ് കൊട്ടപ്പുറം**

■